നം. 20/2017/SRG/CC

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.08.2017 –ൽ നടന്ന യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ മന്ദിരത്തിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ **DA5** ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശഭരണ വകുപ്പമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പങ്കെടുത്തവരുടെ പേരു വിവരം ഹാജർ രജിസ്റ്റർ പ്രകാരം

## 1. പദ്ധതി പുരോഗതി അവലോകനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി യോഗം അവലോകനം ചെയ്തു.

**1.1** തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇതുവരെയുള്ള പദ്ധതി ചെലവ് 14.16 ശതമാനമാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| നഗരസഭകൾ | – | 16.72 ശതമാനം |
| ഗ്രാമപഞ്ചായത്ത് | – | 15.80 ” |
| ബ്ലോക്ക് പഞ്ചായത്ത് | – | 12.54 ” |
| കോർപ്പറേഷൻ | – | 11.38 ” |
| ജില്ലാ പഞ്ചായത്ത് | – | 9.07 ” |
| ആകെ | – | 14.16 ശതമാനം |

22.08.2017–ലെ കണക്കനുസരിച്ച് ട്രഷറിയിൽ സമർപ്പിച്ച 3772 ബില്ലുകൾ ഇതുവരെ മാറിയിട്ടില്ല. ഇതിന്റെ ആകെ തുക 122.25 കോടി രൂപയാണ്.

**1.2** തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതിക്ക് ജൂൺ 15–ാം തീയതിക്ക് മുമ്പ് അംഗീകാരം നൽകിയിട്ടും പദ്ധതി ചെലവ് കുറവാണെന്ന് യോഗം നിരീക്ഷിച്ചു. താഴെപറയുന്ന കാര്യങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ് എന്ന് യോഗം നിഷ്കർഷിച്ചു.

1. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ബില്ലുകൾ എല്ലാം സെക്രട്ടറിമാർ ട്രഷറിയിൽ നൽകി തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ അടയ്ക്കണം. ഇതിൽ സെക്രട്ടറിമാർ വീഴ്ച വരുത്താൻ പാടില്ല. ഇപ്രകാരം ഡെപ്പോസിറ്റ് തുകയുടെ ബില്ലുകൾ ഇനിയും നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വകുപ്പമേധാവികൾക്കു നൽകണം.
2. വകുപ്പമേധാവികൾ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ അവതരിപ്പിക്കണം.

നടപടി :1) പഞ്ചായത്ത് ഡയറക്ടർ
2)നഗരകാര്യ ഡയറക്ടർ
3) ഗ്രാമവികസന കമ്മീഷണർ

1.3 പദ്ധതി ചെലവ് ഏറ്റവും കുറവുവരുത്തിയ തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാരോട് വിശദീകരണം ആരായണം. പദ്ധതി നിർവഹണത്തിനും ചെലവിനും തടസ്സമായി നിൽക്കുന്ന കാരണങ്ങൾ കണ്ടെത്തി പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

(നടപടി:- 1)തദ്ദേശസ്വയംഭരണ വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3)നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ)

1.4 ഏറ്റവും കൂടുതൽ പദ്ധതി ചെലവു വരുത്തിയതും ഏറ്റവും കുറഞ്ഞ പദ്ധതി ചെലവു വരുത്തിയതുമായ 10 തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരം എൽ.എസ്.ജി.ഡി. സൈറ്റിൽ പോസ്റ്റ് ചെയ്യണം. ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്തുകൾ എന്നിവ പ്രത്യേകമായി പോസ്റ്റ് ചെയ്യണം.

(നടപടി:- എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

1.5 ഇനിയും സാങ്കേതികാനുമതി നൽകാനുള്ള പ്രോജക്ടുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശേഖരിക്കണം.

(നടപടി:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

1.6 ഏതെങ്കിലും ട്രഷറികളിൽ ബിൽ മാറുന്നതിന് തടസ്സങ്ങൾ ഉണ്ട് എങ്കിൽ ഈ വിവരം അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ നേരിട്ടറിയിക്കണം.

2. **പൊതു വിഷയങ്ങൾ**

2.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങളിൽ ബന്ധപ്പെട്ട വകുപ്പുമേധാവികൾ കൃത്യമായി തുടർനടപടികൾ സ്വീകരിക്കുന്നില്ലാ എന്ന് യോഗം വിലയിരുത്തി. ഇത് കാരണം കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്/ വകുപ്പുകൾക്ക് കഴിയുന്നില്ല. ഇനി മുതൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ ആദ്യ അജണ്ട മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച അവലോകനമാണ്. തുടർ നടപടി സ്വീകരിക്കാൻ കൂടുതൽ സമയമാവശ്യമുള്ളവ തുടർന്ന് വരുന്ന കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതാണ്.

(നടപടി:- 1)തദ്ദേശസ്വയംഭരണ വകുപ്പ്
2)എല്ലാ വകുപ്പുമേധാവികളും)

**2.2** പല തദ്ദേശഭരണ സ്ഥാപനങ്ങളും നൽകുന്ന കത്തുകളിൽ വിശദാംശങ്ങൾ ഇല്ല. അങ്ങനെ വിശദാംശങ്ങൾ ഇല്ലായെങ്കിൽ അവ തദ്ദേശസ്വയംഭരണ വകുപ്പ്/ എസ്.ആർ.ജി. മുഖേന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകി ആവശ്യമായ വിവരങ്ങൾ സഹിതം പുനർസമർപ്പിക്കേണ്ടതാണ്. വെറ്റിംഗ് ഓഫീസർ, ജില്ലാതല/സംസ്ഥാനതല അപ്പീൽ കമ്മിറ്റികൾ തീരുമാനമെടുക്കേണ്ടവ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുന്നതല്ല. കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ പരിഗണിക്കേണ്ട വിഷയങ്ങൾ 4 ദിവസം മുമ്പെങ്കിലും എസ്.ആർ.ജി.യിൽ ലഭിച്ചിരിക്കണം. അതിനുശേഷം ലഭിക്കുന്നവ പിന്നീടുള്ള കോഓർഡിനേഷൻ കമ്മിറ്റിയിൽ മാത്രമേ പരിഗണിക്കുകയുള്ളൂ.

(നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

2.3 വകുപ്പുമേധാവികൾ കോഓർഡിനേഷൻ കമ്മിറ്റിയിൽ നേരിട്ട് ഫയൽ സമർപ്പിക്കുമ്പോൾ അവ പരിശോധിച്ച് കുറിപ്പ് തയ്യാറാക്കാൻ കഴിയുന്നില്ല. അതിനാൽ ഇത്തരം ഫയലിന്മേൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വ്യക്തത കുറവു വരുന്നുണ്ട്. ഇനി മുതൽ ഇത്തരം ഫയലുകൾ പരിശോധിച്ച് അജണ്ടയിൽ ഉൾപ്പെടുത്തത്തക്ക രീതിയിൽ എസ്.ആർ.ജി. മുഖേന കോഓർഡിനേഷൻ കമ്മിറ്റിക്കു സമർപ്പിക്കേണ്ടതാണ്.

(നടപടി : – 1) തദ്ദേശസ്വയംഭരണ വകുപ്പ്
2) ബന്ധപ്പെട്ട വകുപ്പു മേധാവികൾ)

**2.4** **GST** സംബന്ധിച്ച് ബന്ധപ്പെട്ട എഞ്ചിനീയർമാർക്കുള്ള സംസ്ഥാനതല പരിശീലനം 24.08.2017-ന് നടത്താൻ തീരുമാനിച്ചു. ജില്ലാതല പരിശീലനം എല്ലാ ജില്ലകളിലും 30.08.2017-ൽ നടത്താനും തീരുമാനിച്ചു.

(നടപടി : – 1) തദ്ദേശസ്വയംഭരണ വകുപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചീയർ)

**2.5** **GST** സംബന്ധിച്ച് ഇന്ന് (23.08.2017) വൈകിട്ട് ബഹു ധനകാര്യ വകുപ്പു മന്ത്രിയുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കാൻ തീരുമാനിച്ചു.

(നടപടി : –– 1) തദ്ദേശസ്വയംഭരണ വകുപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചീയർ)

2.6 പ്രോജക്ടുകളുടെ നിർവഹണത്തിനുമേൽ ഓഡിറ്റ കുറിപ്പുകൾ പരിഹരിക്കുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കണമെന്നും അവ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചിരുന്നു. പല തദ്ദേശഭരണ സ്ഥാപനങ്ങളും മാർഗരേഖയിൽ നിന്ന് വ്യതിചലിച്ച് നിർവഹണം നടത്തിയിട്ട് സാധൂകരണത്തിനായി കോഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കുന്നുണ്ട്. സാധൂകരണത്തിനായി സമർപ്പിക്കപ്പെടുന്ന പ്രോജക്ടുകൾ പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ/ഗ്രാമവികസന കമ്മീഷണർ മുഖേന റിപ്പോർട്ട് സഹിതം സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം അല്ലാത്തവ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

ഓഡിറ്റ് കുറിപ്പെഴുതിയതിന്മേൽ മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം വകുപ്പുതലത്തിൽ തന്നെ നടപടി സ്വീകരിക്കണം. ഇവ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതല്ല.

(നടപടി : - 1) തദ്ദേശസ്വയംഭരണ വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3)നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ

2.7 2015-16-ൽ ആരംഭിച്ചതും 2016-17-ൽ സ്പിൽഓവറായി തുടരുന്നതുമായ പ്രോജക്ടുകൾ 31.03.2017-നു മുമ്പ് പൂർത്തിയാക്കി 30.06.2016-ന് മുമ്പ് ബില്ല് നൽകിയാൽ ക്യാരിഓവർ തുക നൽകുമെന്ന് സർക്കാർ ഉത്തരവായിരുന്നു. അതിനാൽ ഇത്തരം പ്രോജക്ടുകൾ 2017-18-ലെ ബഡ്ജറ്റ് വിഹിതത്തിലെ വാലിഡേഷനിൽ ഉൾപ്പെട്ടിരുന്നില്ല. 2015-16-ലെ ചില പ്രോജക്ടുകളുടെ ബിൽ 30.06.2017-നു നൽകാൻ കഴിഞ്ഞില്ല. ധന വകുപ്പിന്റെ ഉത്തരവു പ്രകാരം ഇങ്ങനെയുള്ള ബില്ലുകളുടെ തുക 2017-18-ലെ ബഡ്ജറ്റ് തുകയിൽ നിന്നാണ് നൽകേണ്ടത്. ഇത്തരം പ്രോജക്ടുകൾ ഭേദഗതി ചെയ്യാൻ വേണ്ട ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ വരുത്തണം.

(നടപടി : - 1) തദ്ദേശസ്വയംഭരണ വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

2.8 ബഡ്ജറ്റ് പ്രകാരം ലോക ബാങ്ക് ഫണ്ട് കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം എന്നിങ്ങനെ രണ്ടായി തിരിച്ച് രണ്ട് ഹെഡ് ഓഫ് അക്കൗണ്ടിലാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ പ്രോജക്ടിൽ ആകെ തുക രണ്ടായി തിരിച്ചല്ല കാണിച്ചിരിക്കുന്നത്. അതിനാൽ ബിൽ തയ്യാറാക്കി ട്രഷറിയിൽ നൽകുന്നതിനു സാധിക്കുന്നില്ല. ഇത്തരം പ്രോജക്ടുകളും ഭേദഗതി വരുത്തുന്നതിന് (27.07.17 ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിനു തുടർച്ചയായി) അനുമതി നൽകാൻ തീരുമാനിച്ചു.

(നടപടി : - 1) തദ്ദേശസ്വയംഭരണ വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

2.9 മാർഗ്ഗരേഖപ്രകാരം ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥനായി മെഡിക്കൽ ഓഫീസറെയാണ് നിശ്ചയിച്ചിരിക്കുന്നത് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ അശ്രദ്ധമൂലം ഐ.സി.ഡി.എസ് സൂപ്പർവൈസർമാരെയാണ് നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ഈ പ്രോജക്ടുകൾ വെറ്റ ചെയ്യുന്നതിൽ തടസ്സം നേരിടുന്നു. ഇത്തരം പ്രോജക്ടുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാരെ 2017–18–ലെ മാർഗരേഖയ്ക്കനുസരിച്ച് മാറ്റുന്നതിനുള്ള ഭേദഗതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്ക് ചെയ്യാവുന്നതാണ്.

(നടപടി : – 1) തദ്ദേശസ്വയംഭരണ വകുപ്പ്
2) എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും)

2.10 ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ (പ്രത്യേകിച്ച് തോട്ടം മേഖലയിലുള്ള ഗ്രാമപഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും) ഭവനനിർമ്മാണത്തിന് സ്ഥലത്തിന്റെ ലഭ്യതകുറവുമൂലം ബുദ്ധിമുട്ടനുഭവിക്കുന്നു. ലൈഫ് പദ്ധതിയേയും ഇതു ബാധിക്കും. ഇത് ചർച്ച ചെയ്യുന്നതിന് ബഹു. റവന്യൂ വകുപ്പ് മന്ത്രി, ബഹു.തൊഴിൽ വകുപ്പ് മന്ത്രി, ബഹു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി എന്നിവരുമായി ചർച്ച ചെയ്യുന്നതിന് ഈ വിഷയം ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനു തീരുമാനിച്ചു.

(നടപടി : – തദ്ദേശസ്വയംഭരണ വകുപ്പ്)

2.11 20.06.2017–ലെ 5061/2017/ധന നമ്പർ സർക്കാർ ഉത്തരവു പ്രകാരം പുതിയതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികൾക്ക് 1.00 കോടി രൂപ വീതവും കോർപ്പറേഷന് 2.00 കോടി രൂപ വീതവും നഗരസഭകളുടെ അടിസ്ഥാന വികസത്തിനായി സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ തുക സുലേഖ സോഫ്റ്റ് വെയറിൽ വികസന ഫണ്ടായി ചേർത്തിട്ടുണ്ട്. ഇപ്പോൾ ഇത് വാലിഡേഷനിൽ വരും. അടിസ്ഥാന വികസനത്തിനുവേണ്ടി നൽകിയ തുകയായതിനാൽ ഇത് വാലിഡേഷനിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചു.

(നടപടി : – 1) തദ്ദേശസ്വയംഭരണ വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

2.12 പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിൽ എല്ലാ ജൂനിയർ സൂപ്രണ്ട്മാർക്കും സി.യു.ജി. കണക്ഷൻ നൽകാൻ തീരുമാനിച്ചു. ഒരു മാസം പരമാവധി 250 രൂപ

ഒരു കണക്ഷന് ഉപയോഗിക്കാവുന്നതാണ്. ഏറ്റവും ലാഭകരമായ പ്ലാൻ **BSNL** അധികാരികളുമായി ചർച്ച ചെയ്ത് തിരഞ്ഞെടുക്കേണ്ടതാണ്.

(നടപടി : – 1) തദ്ദേശസ്വയംഭരണ വകുപ്പ്
2) സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ)

**2.13** പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീടിനു സ്ഥലം വാങ്ങി നൽകാനായി പല ബ്ലോക്ക് പഞ്ചായത്തുകളും പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പലയിടത്തും വീടു വച്ചു നൽകിയിട്ടില്ല. ഇങ്ങനെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി.

(നടപടി : – ഗ്രാമവികസന കമ്മീഷണർ)

**2.14** അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ നിന്ന് നിയമനം നടത്തുന്നതിനുള്ള അടിയന്തിര നടപടി തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിക്കണം. കൂടാതെ വകുപ്പിൽ നടത്തേണ്ട പ്രമോഷനും എത്രയും വേഗം നടത്താൻ വേണ്ട നടപടി ചീഫ് എഞ്ചിനീയർ സ്വീകരിക്കണം.

(നടപടി : – തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

**2.15** പല തദ്ദേശഭരണ സ്ഥാപനങ്ങളും ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് റോഡ് കോൺക്രീറ്റിംഗിന് പ്രോജക്ട് വച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര ധന മന്ത്രാലയത്തിന്റെ മാർഗരേഖ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഉപയോഗം സംബന്ധിച്ച് കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് റോഡ് സംരക്ഷണ ത്തിന്റേയും പരിപാലനത്തിന്റേയും ഭാഗമായല്ലാതെ പുതിയ റോഡിന്റെ കോൺക്രീറ്റിംഗ് നടത്താവുന്നതല്ല.

(നടപടി : – 1) തദ്ദേശസ്വയംഭരണ വകുപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനീയർ)

**2.16** ചില തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധ റോഡുകൾ ഒറ്റ പ്രോജക്ടായി തയ്യാറാക്കി നടപ്പാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ റോഡുകൾ ഒറ്റ പ്രോജക്ടായി നടപ്പാക്കാവുന്നതല്ല എന്ന് നിർദ്ദേശം നൽകുന്നു.

(നടപടി : – 1) തദ്ദേശസ്വയംഭരണ വകുപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനീയർ)

**2.17** കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ വിഷയങ്ങളിൽ സർക്കാർ ഉത്തരവുകളും സർക്കുലറുകളും കാലതാമസം കൂടാതെ ഇറക്കേണ്ടതാണ്. കത്തുകൾ മാത്രം ആവശ്യമുള്ള വിഷയങ്ങളിൽ ബന്ധപ്പെട്ടവർക്ക് കത്ത് നൽകണം.

(നടപടി : -തദ്ദേശസ്വയംഭരണ വകുപ്പ്)

**2.18** 2017-18 ലെ വാർഷിക പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് അടിയന്തിരമായി സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. തദ്ദേശഭരണ വകുപ്പ് സെക്രട്ടറി ചെയർമാനും സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് കൺവീനറും ആയിട്ടുള്ള അപ്പലേറ്റ് കമ്മിറ്റിയിൽ പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ എന്നിവർ അംഗങ്ങളായിരിക്കും. അപ്പീൽസംബന്ധിച്ച വിഷയവുമായി ബന്ധപ്പെട്ട വകുപ്പ ഡയറക്ടറെ വിഷയ പരിഗണന സമയത്ത് ക്ഷണിക്കേണ്ടതാണ്.

**2.19** തീരപ്രദേശങ്ങളിലെ വീടുകൾക്ക് ഓല മേയുന്നതിനുള്ള പ്രോജക്ടുകൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നടപ്പാക്കാവുന്നതാണ്.

## 3 <u>പ്രത്യേക വിഷയങ്ങൾ</u>

### 3.1 **<u>തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡിന്റിന്റെ 27.07.2017-ലെ</u>** <u>P6/900/15/TDP</u> **<u>നമ്പർ കത്ത്</u>**

ജില്ലാ പഞ്ചായത്ത് HIV ബാധിതരായിട്ടുള്ളവർക്കുള്ള പോഷകാഹാര പരിപാടി നടപ്പാക്കുന്നുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം ഈ പദ്ധതി മുടങ്ങാതെ വർഷം മുഴുവൻ നടപ്പാക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ ഇതൊരു സംയുക്ത പ്രോജക്ടാക്കി ഗ്രാമപഞ്ചായത്തുമായി ചേർന്നു നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. വികസനഫണ്ടിൽ നിന്ന് ഗ്രാമപഞ്ചായത്തുകൂടി തുക വകയിരുത്തി ജില്ലാ പഞ്ചായത്തു മുഖേന പദ്ധതി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>** - HIV ബാധിതരുടെ എണ്ണം പരിമിതമായതിനാൽ ഗ്രാമപഞ്ചായത്തുമായി ചേർന്ന് സംയുക്തമായി ചെയ്യേണ്ടതില്ലെന്ന് യോഗം നിരീക്ഷിച്ചു. ഒരു വർഷത്തേയ്ക്ക് വേണ്ട ആകെ ചെലവ് സഹിതം വിശദാംശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെടുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനിക്കും. (നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ് )

3.2 **കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 25.07.2017–ലെ KB1–1795/2017–ാം നമ്പർ കത്തും 20.07.2017–ലെ 11–ാം നമ്പർ ഭരണസമിതി തീരുമാനവും**

ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസർ മോഡിഫിക്കേഷൻ ആവശ്യപ്പെട്ടിരിക്കുന്നു. ഇതിന് അംഗീകാരം നൽകുന്നത് സംബന്ധിച്ച്

1) പ്രോ.നം.31/2018– കാർഷിക കർമ്മസേന രൂപീകരിക്കൽ
(അടങ്കൽ 10.00 ലക്ഷം രൂപ)
2) പ്രോ.നം. 34/2018 – കാർഷികോത്പന്ന സംഭരണ വിതരണകേന്ദ്രം
(അടങ്കൽ 10.00 ലക്ഷം രൂപ)

**തീരുമാനം** – വെറ്റിംഗ് ഓഫീസർ/ ജില്ലാതല അപ്പീൽ കമ്മിറ്റി തീരുമാനമെടുക്കേണ്ട വിഷയമാണ്

(നടപടി:– തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്)

3.3 **പെരളശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.07.2017–ലെ കത്ത്**

പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് നാല് വനിത വാളണ്ടിയർമാരെ (2 ഗുഡ്സ് ഓട്ടോ ഡ്രൈവറും 2 വാളന്റിയറും) പഞ്ചായത്തിൽ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഇവർക്ക് തനത് ഫണ്ടിൽ നിന്ന് 6000/– രൂപ വീതം പ്രതിമാസം വേതനം നൽകി. ഈ വർഷവും തനത് ഫണ്ടിൽ നിന്ന് 6,500/– രൂപ വീതം പ്രതിമാസം വേതനമായി നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** – തനത് ഫണ്ട് ഉപയോഗിച്ച് ദിവസവേതാനാടിസ്ഥാനത്തിൽ നൽകേണ്ടതാണ്.

(നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.4 **കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.07.2017–ലെ കത്ത്**

പഞ്ചായത്തിലെ ലക്ഷം വീട് കോളനികളിലെ ഇരട്ട വീടുകൾ ഒറ്റവീടാക്കുന്ന പ്രവൃത്തി നടന്നു വരുകയാണ്. വികസന ഫണ്ടിനു പുറമേ ഓരോ വീടിനും അധികമായി വരുന്ന 10.00 ലക്ഷം രൂപ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് കണ്ടെത്താൻ ലക്ഷ്യമിട്ടിരിക്കുന്നു. പഞ്ചായത്തിൽ നിന്ന് വിഹിതം ലഭിക്കുന്നതിന് കൈവശാവകാശ സർട്ടിഫിക്കറ്റാണ് നൽകിയിരിക്കുന്നത്. മറ്റ് രേഖകൾ ലഭ്യമല്ല. കൈവശാവകാശരേഖയുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** – റവന്യൂ വകുപ്പിൽ നിന്നു ലഭിച്ച കൈവശാവകാശരേഖ പരിശോധിച്ച് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആനുകൂല്യം നൽകാവുന്നതാണ്. 10 വർഷത്തേയ്ക്ക് വീട് കൈമാറാൻ പാടില്ല.

(നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**3.5 മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31.07.2017-ലെ A1-365/17-ാം നമ്പർ കത്തും 28.06.17-ലെ 1(3) നമ്പർ ഭരണ സമിതി തീരുമാനവും**

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് ആവശ്യമായ ഭൂമി മൂന്നാർ ഗ്രാമപഞ്ചായത്തിൽ ലഭിക്കാൻ ബുദ്ധിമുട്ടായതിനാൽ മറ്റു ഗ്രാമപഞ്ചായത്തുകളിൽ ഭൂമി കണ്ടെത്തി വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** - അനുമതി നിരസിച്ചു. പൊതു തീരുമാനം ഖണ്ഡിക 2.10 ബാധകമാണ്

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്)

**3.6 RC4/32/2017/LSGD നമ്പർ സർക്കാർ ഫയൽ**

25.09.2014-ലെ 41630/RC4/2014 തസ്വഭവ സർക്കുലർ പ്രകാരം നദികളുടേയും പുഴകളുടേയും ഏതെങ്കിലും ഭാഗം ദീർഘകാലത്തേയ്ക്കോ താൽക്കാലികമായോ അന്യാധീനപ്പെട്ടു ത്തരുതെന്നും, ഇതിനകം പുഴഭാഗം പാട്ടത്തിന് നൽകിയിട്ടുണ്ടെങ്കിൽ അത്തരം നടപടി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് അനുസരിച്ച് നിയമ വിരുദ്ധമാകയാൽ എത്രയും വേഗം പാട്ടം റദ്ദു ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. സർക്കാർ ഫയലിലെ നോട്ട് ഫയൽ പേജ് 25 ഖണ്ഡിക 38 പ്രകാരം ഈ സർക്കുലർ ഓരു ജലാശയങ്ങൾക്ക് ബാധമായിരിക്കില്ല എന്നു വ്യക്തമാക്കിക്കൊണ്ട് ഭേദഗതി പുറപ്പെടുവിക്കുവാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം സംബന്ധിച്ച്.

**തീരുമാനം** - വകുപ്പുതലത്തിൽ തീരുമാനമെടുക്കേണ്ട വിഷയമാണ്.

(നടപടി:- തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്)

**3.7 കുന്നമ്മൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.06.2017-ലെ A2-1500/16-ാം നമ്പർ കത്തും 16.06.2017-ലെ 160/17-ാം നമ്പർ ഭരണസമിതി തീരുമാനവും (LSGD-DA/546/17/LSGD)**

പഞ്ചായത്തിലെ മൊകേരി ആരോഗ്യ ഉപകേന്ദ്രത്തിന്റെ കെട്ടിടം ജീർണ്ണിച്ച് അപകടാവസ്ഥയിലാണ്. ഈ കെട്ടിടം പുനർ നിർമ്മിക്കാൻ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 14,70,000/- രൂപയും തനത് ഫണ്ടിൽ നിന്ന് 10,30,000/-രൂപയും ഉപയോഗിച്ചുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടുണ്ട്. എങ്കിലും പുതിയ നിർമ്മാണ പ്രവർത്തനമായതിനാൽ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** - അനുമതി നിരസിച്ചു. ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയത് മാനദണ്ഡപ്രകാരമല്ല എന്ന് യോഗം വിലയിരുത്തി.

(നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം.) വകുപ്പ്

3.8 **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21.07.2017-ലെ** KSA/8305/PTZ/2017-**ാം നമ്പർ കത്ത്** (LSGD-DA1/544/2017/LSGD)

ഔഷധി മുഖേന തദ്ദേശഭരണ സ്ഥാപനങ്ങൾ സിദ്ധ മരുന്നുകൾ വാങ്ങുമ്പോൾ ഇതിന്റെ കമ്മീഷൻ/ഡിസ്കൗണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്നില്ല. Indian Medical Practitioners Co-operative Pharmacy and Stores (Ltd) (IMPCOPS Ltd) എന്ന സഹകരണ സ്ഥാപനത്തിൽ നിന്നാണ് ഔഷധി മരുന്നു വാങ്ങുന്നത്. IMPCOPS Ltd-ൽ നിന്ന് മരുന്ന് വാങ്ങുമ്പോൾ ഔഷധിക്ക് 25 ശതമാനം വരെ ഡിസ്കൗണ്ട് ലഭിക്കുന്നുണ്ട്. അതിനാൽ സിദ്ധ മരുന്നുകൾ വാങ്ങുമ്പോൾ പഞ്ചായത്തുകൾക്ക് അർഹമായ ഡിസ്കൗണ്ട് ഉറപ്പ് വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം** ഔഷധി മുഖേന തന്നെ മരുന്നു വാങ്ങേണ്ടതാണ്. ഡിസ്കൗണ്ടു കൂടി കണക്കാക്കി പരമാവധി വില കുറച്ചു ലഭിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഔഷധിയുമായി ചർച്ച ചെയ്യണം.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.9 **കേരള മേയേഴ്സ് കൗൺസിൽ സെക്രട്ടറിയുടെ 10.05.2017-ലെ കത്തും മേയേഴ്സ് കൗൺസിലന്റെ 10.05.2017-ലെ പ്രമേയവും** (LSGD-FM2/189/2017- LSGD)

മേയേഴ്സ് കൗൺസിലിന് തിരുവന്തപുരത്ത് ഒരു ആസ്ഥാന മന്ദിരം പണിയാൻ ഉദ്ദേശിക്കുന്നു. 3.00 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിനായി ഓരോ മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും 50.00 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ നിന്നു ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** -തിരുവനന്തപുരം കോർപ്പറേഷന് പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്. മറ്റ് കോർപ്പറേഷനുകൾ 50 ലക്ഷം രൂപ വീതം തനത് ഫണ്ടിൽ നിന്നും 2 വർഷം കൊണ്ട് 2 ഗഡുക്കളായി നൽകാൻ അനുമതി നൽകുന്നു.

(നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ് )

3.10 **കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 02.08.2017-ലെ കത്ത്**

ജില്ലയിൽ 12 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ ഉണ്ട്. ഓവർസീയർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നത് ചീഫ് എഞ്ചിനീയറാണ്. ഇപ്രകാരം നിയമിക്കുന്നവർ പലരും ജോലിയിൽ പ്രവേശിക്കാറില്ല. അതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ കൂടി

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിയമിക്കാനുള്ള അധികാരം നൽകണമെന്ന് സംബന്ധിച്ച്

**തീരുമാനം** – പി.എസ്.സി. അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിനാൽ പരിഗണിച്ചില്ല. പി.എസ്.സി.യിൽ നിന്നും നടത്തുന്ന ആദ്യ നിയമനങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ കൂടുതലുള്ള കാസറഗോഡ്, വയനാട് തുടങ്ങിയ വടക്കൻ ജില്ലകളിൽ നടത്തണം. ഇവരെ എത്രയും വേഗം നിയമിക്കുന്നതിനുവേണ്ട നടപടി ചീഫ് എഞ്ചിനീയർ സ്വീകരിക്കണം.

(നടപടി:– 1)തദ്ദേശസ്വയംഭരണ(ഇ. ഡബ്ല്യു) വകുപ്പ്
2)തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

## 3.11 ആലങ്ങോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 01.08.2017–ലെ കത്ത്

പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ, വീട് വയറിംഗ് എന്നീ പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം (ഭേദഗതി ഉത്തരവ്) ഇത്തരം പ്രോജക്റ്റ് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മാത്രമേ നടപ്പാക്കാവൂ. ഇവ നടപ്പാക്കാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം** – ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

## 3.12 കൊടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്

പുതുക്കാട് ജി.എൽ.പി. സ്കൂളിനോടനുബന്ധിച്ച് ഓട്ടിസം പാർക്ക് സ്ഥാപനത്തിൽ 14 കുട്ടികളും 3 റിസോഴ്സ് അദ്ധ്യാപകരും ഉണ്ട്. ഇവിടേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് , ആയ എന്നിവരെ നിയമിക്കുന്നതിനും ഇവർക്ക് ഓണറേറിയം നൽകുന്നതിനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം** – 1) ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.
2) ഈ സ്ഥാപനത്തെ കുടുംബശ്രീ മുഖേന ബഡ്സ് സ്കൂൾ ആക്കി ഉയർത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി:– 1)തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്
2)എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ )

**3.13 തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 03.08.2017-ലെ DB2/753/CE/തസ്വഭവ കത്ത്**

തദ്ദേശഭരണ വകുപ്പിൽ ഉദ്ദേശം 18 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടേയും 51 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടേയും ഒഴിവുകൾ ഉണ്ട്. ഈ ഒഴിവുകളിൽ ചിലത് കീഴുദ്യോഗസ്ഥർക്ക് അധിക ചുമതല നൽകിയാണ് പ്രവർത്തിക്കുന്നത്. അധിക ചുമതലയുള്ളപ്പോൾ പല നിർവഹണ ഉദ്യോഗസ്ഥർക്കും തങ്ങൾ നിർവഹണം നടത്തുന്ന പ്രോജക്ടുകൾക്കും വെറ്റിംഗും സാങ്കേതിക അനുമതിയും നൽകേണ്ടി വരുന്നു. ഈ ഒഴിവുകൾ നികത്തുന്നത് വരെ ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് പരിധിയില്ലാതെ പ്രവൃത്തികൾ നിർവഹണം നടത്തുന്നതിനും എന്നാൽ സാങ്കേതികാനുമതി നൽകുന്ന അധികാരികൾക്ക് അവർ നിലവിൽ വഹിക്കുന്ന തസ്തികയ്ക്കോ/ ചാർജ്ജിനോ അനുസരിച്ച് വെറ്റിംഗ് നടത്താനും സാങ്കേതികാനുമതി നൽകാനും അനുമതി സംബന്ധിച്ച്

**തീരുമാനം** - അനുമതി നിരസിച്ചു. വെറ്റ ചെയ്യാനും സാങ്കേതികാനുമതി നൽകാനും ചുമതലപ്പെടുത്തിയിരിക്കുന്ന സമാന പദവിയിലുള്ള (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ) ജില്ലയിലേയോ സമീപ ജില്ലയിലേയോ ചീഫ് എഞ്ചിനീയർ ഓഫീസിലേയോ എഞ്ചിനീയർമാർക്ക് നൽകണം. ഇതിനുവേണ്ട നടപടി ചീഫ് എഞ്ചിനീയർ സ്വീകരിക്കണം. എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം. സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം ചെയ്യണം.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

**3.14 മലപ്പട്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.07.2017-ലെ A1-220/17-നമ്പർ കത്ത്**

2017-18 വാർഷിക പദ്ധതിയിൽ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച പി.എച്ച്. സി കെട്ടിടത്തിന് ഒന്നാം നില നിർമ്മാണം (തുക 18,92,108/-) എന്ന പ്രോജക്ട് ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചില്ല. ഇതിന് പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം** - അനുമതി നിരസിച്ചു.

(നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ് )

**3.15 പൂതക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2017-ലെ A-08/17 -18-ാം നമ്പർ കത്ത്**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് താഴെപ്പറയുന്ന 9 പ്രോജക്ടുകൾ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ജില്ലാ ആസൂത്രണസമിതി

അംഗീകരിച്ചില്ല. ഇവയ്ക്ക് പ്രത്യേക അനുമതിക്കായി കോഓർഡിനേഷൻ കമ്മിറ്റി സമർപ്പിച്ചിരുന്നെങ്കിലും 21.06.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി ഇവയ്ക്ക് അനുമതി നിരസിച്ചു. ഇത് പുനഃ പരിശോധിക്കണമെന്ന ആവശ്യം സംബന്ധിച്ച്

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 52 | ഹോമിയോ ആശുപത്രിക്ക് വസ്തു വാങ്ങൽ | 6 ലക്ഷം |
| 2 | 53 | കൃഷിഭവന് വസ്തു വാങ്ങൽ | 9 ലക്ഷം |
| 3 | 76 | ഇടയാടി കുടുംബക്ഷേമ ഉപകേന്ദ്രത്തിന് വസ്തു വാങ്ങൽ | 5 ലക്ഷം |
| 4 | 77 | നോർത്ത് എൽ.പി. എസ്സി ന് അധികമായി വസ്തു വാങ്ങൽ | 4 ലക്ഷം |
| 5 | 78 | 156 -ാം നമ്പർ അംഗൻവാടിക്ക് വസ്തു വാങ്ങൽ വാർഡ് -1 | 3 ലക്ഷം |
| 6 | 79 | 148-ാം നമ്പർ അംഗൻവാടിക്ക് വസ്തു വാങ്ങൽ വാർഡ് - 4 | 3 ലക്ഷം |
| 7 | 80 | 147 -ാം നമ്പർ അംഗൻവാടിക്ക് വസ്തു വാങ്ങൽ വാർഡ് - 11 | 3 ലക്ഷം |
| 8 | 80 | 152 -ാം നമ്പർ അംഗൻവാടിക്ക് വസ്തു വാങ്ങൽ വാർഡ് - 17 | 3 ലക്ഷം |
| 9 | 81 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് വസ്തു വാങ്ങൽ | 5 ലക്ഷം |

**തീരുമാനം** - ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിക്കുന്നു.

(നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ് )

## 3.16 കോട്ടയ്ക്കൽ നഗരസഭ ചെയർമാന്റെ 27.07.2017-ലെ കത്ത്

2013-14 വർഷം വരെ എഗ്രിമെന്റ് വച്ച എല്ലാ ഭവന പദ്ധതികൾക്കും 66 ച.മീറ്ററിൽ നിന്നും 25 ശതമാനം അധികരിക്കാമെന്ന നിബന്ധനയക്ക് വിധേയമായി ശേഷിക്കുന്ന മുഴുവൻ തുകയും നൽകാമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇത് കോട്ടയ്ക്കൽ നഗരസഭയുടെ സ്വന്തം പദ്ധതിയായ ഭവനശ്രീ പദ്ധതിയുടെ ഗുണഭോക്താക്കളായ 160 കുടുംബങ്ങൾക്കും ബാധകമാക്കണമെന്നത് സംബന്ധിച്ച്

**തീരുമാനം** - 16.03.2017-ലെ 56/17/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം "31.03.2016 വരെ എഗ്രിമെന്റ് വച്ചവർക്ക് മാത്രം" എന്ന നിബന്ധനയ്ക്ക് വിധേയമായി അനുമതി നൽകുന്നു.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ് )

## 3.17 ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.08.2017-ലെ കത്ത്

പഞ്ചായത്തിന്റെ ചരിത്രത്തെ ആസ്പദമാക്കി ഒരു ഷോർട്ട് ഫിലിം നിർമ്മിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് ഈ വർഷം ഒരു ഷോർട്ട് ഫിലിം ഫെസ്റ്റിവെൽ നടത്തുന്നുണ്ട്.

ആദ്യകാല സിനിമ നിർമ്മാതാക്കളിലൊരാളായ ശ്രീ. കെ.വി.കോശി പഞ്ചായത്തിലെ സ്ഥിര താമസക്കാരനായിരുന്നു. ഇദ്ദേഹത്തിന്റെ പേരിൽ സാംസ്കാരിക രംഗത്തെ മികച്ച പ്രവർത്തനത്തിനുള്ള 50,000/- രൂപയുടെ അവാർഡ് നൽകാൻ ഉദ്ദേശിക്കുന്നു. ഷോർട്ട് ഫിലിം ഫെസ്റ്റിവെലിന്റെ സംഘാടനത്തിനും അവാർഡിനുമായി 1.00 ലക്ഷം രൂപ ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>** – വകുപ്പുതലത്തിൽ തീരുമാനിക്കണം

(നടപടി:– തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ് )

3.18 **<u>ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.07.2017–ലെ കത്ത്</u>**

ഗ്രാമപഞ്ചായത്ത് നടത്തിയ സർവേയിൽ ഒരു ഗുണഭോക്താവിന്റെ സ്ഥിര താമസം, തിരിച്ചറിയൽ, കരം തീരുവ രസീത്, ആധാർ ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തുടങ്ങിയവ പഞ്ചായത്തിൽ ശേഖരിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നതിന് ഇത്തരം രേഖകളുടെ പകർപ്പുകൾ നിർവഹണ ഉദ്യോഗസ്ഥർ ആവശ്യപ്പെടാറുണ്ട്. ഈ രേഖകളുടെ പകർപ്പിനു പകരം പഞ്ചായത്തിൽ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ നൽകാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>** – പ്രത്യേകമായി കാലാവധി നിശ്ചയിക്കാത്ത രേഖകൾ ഒഴിച്ചുള്ളവയ്ക്ക് പഞ്ചായത്തിൽ ശേഖരിച്ച വിവരങ്ങൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സ്വീകരിക്കാവുന്നതാണ്.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.19 **<u>ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.07.2017–ലെ A3348/17–ാം നമ്പർ കത്ത്</u>**

2012–13 വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഷൂസ്, ഗ്ലൗസ് എന്നിവ വാങ്ങി നൽകുന്നതിന് 2,32,000/- രൂപ ചെലവഴിച്ചു (പ്രോ.നം.2/13). ഇതിന് സർക്കാർ തലത്തിൽ സാധൂകരണം വാങ്ങണമെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം കുറിപ്പെഴുതിയിരിക്കുന്നു. സാധൂകരണം നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**<u>തീരുമാനം</u>** – വകുപ്പുതലത്തിൽ തീരുമാനമെടുക്കണം.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ് )

**3.20 കല്ലറ (വൈക്കം) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.03.2017-ലെ A2-02/17ാാം നമ്പർ കത്തും 16.03.2017-ലെ 18-ാാം നമ്പർ ഭരണ സമിതി തീരുമാനവും (LSGD - DA3/153/2017-LSGD)**

തെരുവു വിളക്ക സ്ഥാപിക്കുന്നതിനായി 7,49,727/- രൂപ ആകെ അടങ്കലായി രണ്ടു പ്രോജക്ടുകൾ ( 12/17, 13/17) 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ടെണ്ടർ ഒഴിവാക്കി റുട്രോണിക്സ് എന്ന പൊതു മേഖലാ സ്ഥാപനത്തിൽ നിന്ന് എൽ.ഇ.ഡി. ലൈറ്റ് വാങ്ങിയാണ് പ്രോജക്ട് നടപ്പാക്കിയത്. 25.07.2016-ലെ 2238/2016/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഇലക്ട്രിക് സാധനങ്ങൾ ടെണ്ടർ നടപടികളിലൂടെ വാങ്ങാൻ നിർദ്ദേശിച്ചിരുന്നു. 19.09.2016-ലെ ഭരണസമിതി തീരുമാനപ്രകാരമാണ് പ്രോജക്ട് നടപ്പാക്കിയത്. സാധൂകരണം നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം** - LED ലൈറ്റ് വാങ്ങിയ നടപടിക്രമങ്ങൾ സംബന്ധിച്ച് വിശദമായി പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യിൽ റിപ്പോർട്ട് സമർപ്പിക്കണം. പിന്നീട് പരിഗണിക്കും.

(നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

2) പഞ്ചായത്ത് ഡയറക്ടർ )

**3.21 ബഹു. കോട്ടയ്ക്കൽ എം.എൽ.എയുടെ 31.07.2017-ലെ കത്തും പൊന്മള ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.01.2017-ലെ കത്തും**

2015–16 ൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി, വായനശാലകൾക്കും സ്കൂളുകൾക്കും ദിനപത്രം എന്നീ പ്രോജക്ടുകൾ നടപ്പിലാക്കി (അടങ്കൽ 1.00 ലക്ഷം രൂപ). എന്നാൽ ഫണ്ടിന്റെ ലഭ്യത കുറവുമൂലം തുക നൽകിയില്ല. ഇപ്പോൾ തുക നൽകാൻ ഉദ്ദേശിക്കുന്നു. സമഗ്ര വിദ്യാഭ്യാസ പരിപാടിയിൽ LSS-USS പരിശീലനം, IAS പരിശീലനം, അദ്ധ്യാപക സംഗമം, എയ്ഡഡ് സ്കൂളുകളിൽ ദിനപത്രം എന്നീ ഘടകങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്ക് തുക നൽകാവുന്നതല്ല എന്ന് ഇപ്പോഴത്തെ നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിരിക്കുന്നു. തുക നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** - 2015-16-ൽ നടപ്പാക്കിയ പ്രോജക്ടിന് അതേ വർഷം തന്നെ തുക നൽകേണ്ടതായിരുന്നു. സ്രോതസ്സ് ഉറപ്പാക്കാതെ പ്രോജക്ട് നടപ്പാക്കിയ രീതി ശരിയല്ല. ഇത് പരിശോധിച്ച് അടുത്ത കോഓർഡി നേഷൻ കമ്മിറ്റിക്കു മുമ്പ് പഞ്ചായത്ത് ഡയറക്ടർ

റിപ്പോർട്ട് നൽകണം. പിന്നീട് പരിഗണിക്കുന്ന താണ്.

(നടപടി:- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2)പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ)

3.22 **<u>ബഹു.കോന്നി എം.എൽ.എയുടെ 01.08.2017-ലെ കത്തും കോന്നി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.08.2017-ലെ കത്തും</u>**

പഞ്ചായത്തിൽ 10 കുടുംബശ്രീ പ്രവർത്തകരെ താൽക്കാലിക വേതനാടിസ്ഥാന ത്തിൽ നാരായണപുരം ബയോഗ്യാസ് പ്ലാന്റിൽ നിയമിച്ചിട്ടുണ്ട്. വ്യാപാര സ്ഥാപന ങ്ങളിൽ നിന്ന് വേതനം നൽകുന്ന വ്യവസ്ഥയിലാണ് ഇവരെ നേരത്തെ നിയമിച്ചത്. വ്യാപാര സ്ഥാപനങ്ങളുമായുണ്ടാക്കിയ നിബന്ധന പാലിക്കപ്പെടാതെ വന്നതിനാൽ വേതനം പഞ്ചായത്ത് നേരിട്ട് നൽകുകയായിരുന്നു. ഇപ്രകാരം വേതനം നൽകുവാ നുള്ള പ്രോജക്ട് ഈ വർഷം വച്ചിരുന്നുവെങ്കിലും വെറ്റിംഗ് ഓഫീസറും അപ്പീൽ കമ്മിറ്റിയും നിരസിച്ചു. പ്രത്യേക അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>** - 1) വ്യാപാര സ്ഥാപനത്തിലെ മാലിന്യ സംസ്കരണം വ്യാപാരികളുടെ ഉത്തരവാദിത്തമാണ്. വേതനം വ്യാപാരികളിൽ നിന്നു ശേഖരിച്ചു നൽകണം.

2) അനുമതി നിരസിച്ചു

(നടപടി:- തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ് )

3.23 **<u>കണ്ണൂർ ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 05.07.2017-ലെ കത്ത്</u>**

ബി.പി.എൽ കുടുംബത്തിൽപ്പെട്ടവർക്ക് തയ്യൽ പരിശീലനത്തിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇത് എ.പി.എൽ കുടുംബത്തിനു കൂടി ബാധകമാക്കണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>** - 1) ഒരു സംയോജിത പരിശീലന പരിപാടി ആയതി നാൽ പ്രത്യേക അനുമതി നൽകുന്നു.

2) പരിശീലനത്തിനുശേഷം ഇവർക്ക് തൊഴിൽകൂടി നൽകുന്നതിന് മുൻഗണന നൽകണം

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.24 **<u>തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 26.07.2017-ലെ J5/31/16-ാം നമ്പർ കത്തും 06.05.2017-ലെ 3(E) 44-ാം നമ്പർ ഭരണ സമിതി തീരുമാനവും</u>**

കഴിഞ്ഞ വർഷം 300 പൊതു വിഭാഗം കുടുംബങ്ങൾക്കും 100 പട്ടികജാതി വിഭാഗം കുടുംബങ്ങൾക്കും വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് വസ്തു ഉടമസ്ഥരുമായി

കരാർ വച്ച് ടോക്കൺ അഡ്വാൻസ് നൽകിയിരുന്നു. ഇപ്രകാരമുള്ള 400 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>** – കഴിഞ്ഞ വർഷം നടപടിക്രമങ്ങൾ ആരംഭിച്ചതായതിനാൽ അനുമതി നൽകുന്നു.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ് )

**3.25 <u>കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (ലഭിച്ചത് 26.07.2017) 11.07.2017–ലെ 4(9)–ാം നമ്പർ ഭരണ സമിതി തീരുമാനവും</u>**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കാനുള്ള പ്രോജക്ടിന് (പഠനമുറി, ഉപകരണങ്ങൾ) വെറ്റിംഗ് ഓഫീസർ അംഗീകാരം നൽകിയില്ല. അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>** – ജില്ലാതല അപ്പീൽ കമ്മിറ്റി പരിഗണിക്കേണ്ട വിഷയമാണ്.

(നടപടി:– തദ്ദേശസ്വയംഭരണ( ഡി.ഡി) വകുപ്പ് )

**3.26 <u>ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 12.06.2017–ലെ C.A1001–ാം നമ്പർ കത്ത്</u>**

എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരുടെ കുറവ് മൂലം 2015–16–ൽ നിർമ്മാണം ആരംഭിച്ച പല പ്രോജക്ടുകളും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 31.03.2017–നു മുമ്പ് ഇവ പൂർത്തിയാക്കി 30.06.2017–നു മുമ്പ് തുക നൽകിയില്ലായെങ്കിൽ ക്യാരിഓവർ തുക ലഭിക്കില്ല. ഇത് ഏകദേശം 10 കോടി രൂപയോളം ഉണ്ട്. ഇതിന്റെ ക്യാരിഓവർ തുക നൽകണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>** – ധനകാര്യ വകുപ്പിന്റെ ഉത്തരവനുസരിച്ച് ക്യാരിഓവർ തുക ലഭിക്കില്ല.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

**3.27 <u>ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 14.06.2017–ലെ കത്ത്</u>**

ജില്ലയിലെ 14 RMSA സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. ഈ സ്കൂളുകളിൽ ഫർണിച്ചറുകൾ വാങ്ങി നൽകാൻ 49.00 ലക്ഷം രൂപയുടെ പ്രോജക്ട് 2015–16–ൽ അംഗീകരിച്ചിരുന്നു. ഇതിന്റെ ടെണ്ടർ നടപടി 28.06.2017–നകമാണ് പൂർത്തീകരിക്കാൻ കഴിയുക. അതിനാൽ 30.06.2017–നകം പൂർത്തിയാക്കി ബിൽ തുക നൽകാൻ കഴിയില്ല. 3 മാസം കൂടി സമയം ദീർഘിപ്പിച്ചു നൽകണമെന്നതു സംബന്ധിച്ച്.

**<u>തീരുമാനം</u>** – ധന വകുപ്പിന്റെ ഉത്തരവു പ്രകാരം 31.03.2017–നകം നിർമ്മാണം പൂർത്തിയാക്കിയ പ്രോജക്ടുകൾക്ക്

30.06.2017-നകം ബിൽ തുക നൽകിയാലാണ് ക്യാരി ഓവർ തുക ലഭിക്കുന്നത്. അനുമതി നൽകുന്നില്ല.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

3.28 **<u>കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2016-ലെ P4-177/17-ാം നമ്പർ കത്തും 25.07.2017-ലെ 60/17(5)-ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

കുറ്റ്യാടിപ്പുഴ സംരക്ഷണത്തിന് ജില്ലാ പഞ്ചായത്ത് 2017-18-ൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം.1104/18) അടങ്കൽ 5.00 ലക്ഷം രൂപ) ഈ പ്രോജക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (IRD) എന്ന NGO മുഖേന ഡെപ്പോസിറ്റ് വർക്കായി ചെയ്യാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>** - 1) അനുമതി നിരസിച്ചു

**2)** ഇത് MGNREGS ൽ ചെയ്യാവുന്നതാണെന്ന് യോഗം നിരീക്ഷിച്ചു. ഇത് പഠിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്
ഗ്രാമവികസന കമ്മീഷണർ )

3.29 **<u>കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2017-ലെ P4-177/17-ാം നമ്പർ കത്തും 25.07.2017-ലെ 60/17(6)-ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

മാമ്പുഴ സംരക്ഷണം എന്ന പദ്ധതി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. ഗ്രാമ/ബ്ലോക്ക് /ജില്ലാ പഞ്ചായത്തിന്റെ ഈ സംയുക്ത പ്രോജക്ടിന് 3 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു. ഈ പ്രോജക്ട് മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>** - 1) എഞ്ചിനീയറിംഗ് പ്രോജക്ട് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ മുഖേന നിർവഹണം നടത്തേണ്ടതാണ്. ഡെപ്പോസിറ്റ് വർക്കായി ചെയ്യാവുന്നതല്ല.

2) ഈ പ്രോജക്ട് സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

## 3.30 **പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡിന്റിന്റെ 27.07.2017-ലെ Pstdppta-60/17-ാം നമ്പർ കത്തും 13-07-17-ലെ IX(2)-ാം നമ്പർ ഭരണസമിതി തീരുമാനവും**

താഴെപ്പറയുന്ന മണ്ണുജല സംരക്ഷണ പ്രോജക്ടുകൾ DPC അംഗീകരിച്ചിട്ടുണ്ട്. ഇവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കണമെന്നുള്ളതിനാൽ വെറ്റിംഗ് നടപടി പൂർത്തിയായില്ല. പ്രത്യേക അനുമതി സംബന്ധിച്ച്.

| **പ്രോജക്ട് നം** | **പ്രോജക്ടിന്റെ പേര്** |
|---|---|
| 502/18 | ഉള്ളൂർ ചിറ സംരക്ഷണം |
| 507/18 | ആറന്മുള - മരുതുർകടവ് പട്ടേരിൽ കടവ് തുണ്ടിയിൽ കടവ് - പരപ്പുഴ കടവ് തോട് സംരക്ഷണം |
| 510/18 | വെള്ളങ്ങൂർ വാളകത്ത് ചാൽ സംരക്ഷണം |
| 512/18 | വള്ളിക്കോട് വലിയതോട് സംരക്ഷണം |
| 515/18 | കുഞ്ജരം ചാൽ - മുട്ടാറ്റ് ചാൽ സംരക്ഷണം |
| 516/18 | കീരത്തിൽ തോട് സംരക്ഷണം |

**തീരുമാനം** - വെറ്റിംഗ് നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ ഇത് പരിഗണിക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

## 3.31 **ബഹു. നെയ്യാറ്റിൻകര എം.എൽ.എയുടെ 29.07.2017-ലെ KT/06/2017-ാം നമ്പർ കത്തും ചെങ്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.07.2017-ലെ A5/5091/2017 -ാം നമ്പർ കത്തും**

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന വലിയകളം ജലോത്സവം (പ്രോജ.നം.317/18, തനത് ഫണ്ട് 5.00 ലക്ഷം രൂപ) എന്ന പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിരുന്നില്ല. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം** - വകുപ്പുതലത്തിൽ പരിഗണിക്കേണ്ടതാണ്.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

## 3.32 **കൊല്ലം ജില്ലാ കളക്ടറുടെ 25.07.2017-ലെ plg.975/16/DPC/DPO/KLM നമ്പർ കത്ത്**

2016-17 വാർഷികപദ്ധതി ഭേദഗതി സമയത്ത് "പൊളച്ചിറ പൊതു ഏലായിൽ വെള്ളം വറ്റിക്കുന്ന ജോലിക്കാർക്കുള്ള വേതനം നൽകൽ" (അടങ്കൽ 95,040/- രൂപ - തനത് ഫണ്ട് ) എന്ന പ്രോജക്ടിന്റെ അംഗീകാര നടപടി സംബന്ധിച്ച്.

**തീരുമാനം** - ഇത് വിശദമായി പരിശോധിച്ച് തീരുമാന മെടുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചുമതലപ്പെടുത്തി.

(നടപടി:-1) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.33 **<u>ശ്രീ. മനോജ് കുമാറിന്റെ കത്ത് (LSGD-DA3/232/2017-LSGD)</u>**

പദ്ധതി രൂപീകരണ ഗ്രാമസഭകളിൽ പ്രാതിനിധ്യം കുറയുന്നു. അതിനാൽ പദ്ധതി രൂപീകരണ ഗ്രാമസഭയിൽ പങ്കെടുക്കുന്നവരുടെ കുടുംബത്തിലെ അംഗമായ ഗുണഭോക്താവിനെ തിരഞ്ഞെടുക്കുമ്പോൾ ഇവർക്ക് അധികമായി 20 മാർക്ക് നൽകുന്നതിനുള്ള തീരുമാനം മാർഗരേഖയിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>** - പുതിയ മാർഗ്ഗരേഖ തയ്യാറാക്കുമ്പോൾ ഈ വിഷയവും ചർച്ചയ്ക്ക് വിധേയമാക്കാൻ തീരുമാനിച്ചു.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.34 **<u>മാനന്തവാടി നഗരസഭ ചെയർപേഴ്സന്റെ 05.04.2017-ലെ A5-2016-IG/laptop നമ്പർ കത്ത്</u>**

2015-2016 വാർഷിക പദ്ധതിയിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് (ആകെ 8 ലക്ഷം രൂപ 32 ലാപ് ടോപ്) പ്രോജക്ട് തയ്യാറാക്കി. എന്നാൽ SC/ST വകുപ്പുതലത്തിലും ലാപ് ടോപ് വിതരണം ചെയ്തതിനാൽ SC വിഭാഗത്തിൽ 6 എണ്ണവും ST വിഭാഗത്തിൽ 15 എണ്ണവും വിതരണം ചെയ്യാൻ കഴിഞ്ഞില്ല. ഇവ 2017-18-ലെ മാർഗരേഖയിലെ മാനദണ്ഡ പ്രകാരം വിതരണം ചെയ്യാൻ അനുമതി സംബന്ധിച്ച് (പ്രൊഫഷണൽ/ ബിരുദ വിദ്യാർത്ഥികൾ.)

**<u>തീരുമാനം</u>**- അനുമതി നൽകുന്നു.

(നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ

3.35 **<u>ഏറ്റുമാനൂർ നഗരസഭാ ചെയർമാന്റെ 26.07.2016-ലെ കത്ത്</u>**

2015-16-ൽ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം കൂടാതെ 10-ാം വാർഡിൽ വെട്ടിമുകൾ ഭാഗത്ത് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു. ഇതിന്റെ ബിൽ തുകയായ 4,98,300/- രൂപ കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ എന്റർ പ്രൈസിനു നൽകാനുണ്ട്. ഈ തുക തനത് ഫണ്ടിൽ നിന്നും നൽകാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>** - 1) പ്രത്യേക അനുമതി നൽകുന്നു.
2) ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി കൂടാതെ ഇപ്രകാരം പ്രവൃത്തി നടപ്പാക്കിയ സെക്രട്ടറിയോട് വിശദീകരണം ആരായാൻ തീരുമാനിച്ചു.

(നടപടി:- 1)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്
2)പഞ്ചായത്ത് ഡയറക്ടർ)

3.36 **1) ഇടുക്കി ജില്ലാ കളക്ടറുടെ 11.07.2017-ലെ 50/17/DPC/DPO/IDIC നമ്പർ കത്ത്, വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.06.2017-ലെ A3-1438/17-ാം നമ്പർ കത്ത്, 31.05.2017-ലെ 1(5)-ാം നമ്പർ ഭരണസമിതി തീരുമാനം എന്നിവ.**

വട്ടവട ഗ്രാമപഞ്ചായത്തിന് തനത് ഫണ്ടും ജനറൽ പർപ്പസ് ഗ്രാന്റും അപര്യാപ്തമായതിനാൽ പഞ്ചായത്തിന്റെ ദൈനംദിനാവശ്യമായ ജീവനക്കാരുടെ ശമ്പളം, മെമ്പർമാരുടെ ഓണറേറിയം, സിറ്റിംഗ് ഫീ തുടങ്ങിയവ നൽകാൻ വികസനഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പ്രോജക്റ്റിന് ഡി.പി.സി. അംഗീകാരം നൽകിയില്ല. ഇതിന് പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം** – 1) വികസനഫണ്ട് ഇത്തരം ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതല്ല.
2) ഫണ്ടിന്റെ കുറവ് പരിഹരിക്കാൻ വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ് )

**2) ഇടുക്കി ജില്ലാ കളക്ടറുടെ മുകളിൽ പറഞ്ഞ കത്തും തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 28.06.2017-ലെ B2-1517/2017-ാം നമ്പർ കത്തും.**

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16, 2016-17 വർഷം പശുക്കളെ വാങ്ങുന്നതിന് "ഗോ വർദ്ധന പദ്ധതി" എന്ന പ്രോജക്റ്റ് നടപ്പാക്കിയിരുന്നു. ഈ വർഷവും ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** – 1) വെറ്റിംഗ് ഓഫീസർ/ജില്ലാതല അപ്പീൽ കമ്മിറ്റി തീരുമാനമെടുക്കേണ്ട വിഷയമാണ്.
**2)** പരിഗണിച്ചില്ല.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ് )

3.37 **മുളക്കുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.06.2017-ല A1-4037/17-ാം നമ്പർ കത്തും 06.05.2017 ലെ 7.1 -ാം നമ്പർ ഭരണസമിതി തീരുമാനവും.**

പഞ്ചായത്തിൽ 8 ഗവ. എൽ.പി.എസും 4 എയ്ഡഡ് എൽ.പി.എസും ആണുള്ളത്. ഈ സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകുന്നുണ്ട്. ഗവ. എൽ.പി.എസി.നോടൊപ്പം 4 എയ്ഡഡ് സ്കൂളുകളിൽ പ്രഭാതഭക്ഷണവും നൽകി. എയ്ഡഡ് സ്കൂളിൽ പ്രഭാതഭക്ഷണം നൽകിയതിന് സാധൂകരണം ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ 2017-18 വർഷവും എയ്ഡഡ് സ്കൂളിൽ പ്രഭാതഭക്ഷണം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** – 1) പൊതു തീരുമാനം ഖണ്ഡിക 2.6 ബാധകമാണ്
2) 2017-18 വർഷത്തെ പ്രോജക്റ്റ് നടപ്പാക്കാവുന്നതാണ്.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

**3.38 കേരള സഹകരണ ക്ഷീര കർഷക യൂണിയൻ പ്രസിഡന്റിന്റേയും സെക്രട്ടറിയുടേയും 18.07.2017 ലെ 38/2017 – ലെ കത്ത്.**

ഒരു ലിറ്റർ പാലിന് നാലുരൂപ സബ്സിഡി വർഷത്തിൽ പന്ത്രണ്ടു മാസവും ലഭിക്കത്തക്ക വിധത്തിൽ ത്രിതല പഞ്ചായത്തുകൾ ഈ സാമ്പത്തിക വർഷം തന്നെ ഫണ്ടു വകയിരുത്തി ഉത്തരവുണ്ടാകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം** – വകുപ്പ് നൽകുന്ന ഒരു രൂപ കൂടി ചേർത്ത് ഒരു ലിറ്റർ പാലിന് പരമാവധി 4 രൂപ സബ്സിഡി നൽകാമെന്ന ഉത്തരവനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് നടപ്പാക്കാവുന്നതാണ്. ഇപ്രകാരം തുക നിർബന്ധമായി വകയിരുത്തണമെന്ന ആവശ്യം നിരസിച്ചു.

(നടപടി:– തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ് )

**3.39 പാനൂർ ബ്ലോക്കു പഞ്ചായത്തു പ്രസിഡന്റിന്റെ 04.07.2017 ലെ കത്ത്.**

നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റും (20.00 ലക്ഷം രൂപ), വികസനഫണ്ടും (5.00 ലക്ഷം രൂപ) ചേർത്ത് 5 അങ്കണവാടി കെട്ടിടം നിർമ്മിക്കാനുള്ള പ്രോജക്ടിന് ഡി.പി.സി. അംഗീകാരം നൽകിയില്ല. ഇതിന് അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം** – അനുമതി നിരസിച്ചു

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

**3.40 കേരള റൂറൽ എംപ്ലോയ്മെന്റ് വെൽഫയർ സൊസൈറ്റി (ക്രൂസ്) ചെയർമാന്റെ 11.07.17 ലെ എ/337/2017–ാം നമ്പർ കത്ത്.**

കേരള റൂറൽ എംപ്ലോയ്മെന്റ് വെൽഫെയർ സൊസൈറ്റിയുടെ യൂണിറ്റുകളാണ് കഞ്ചിക്കോട്ടും കല്ലിയൂരിലുമുള്ള ഗ്രാമലക്ഷ്മി മുദ്രാലയം. ഈ സ്ഥപനങ്ങളുടെ ആധുനിക വൽക്കരണത്തിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും താഴെ പറയുന്ന നിരക്കിൽ തുക വകയിരുത്തുന്നതിന് ഉത്തരവുണ്ടാകണമെന്ന് ആവശ്യം സംബന്ധിച്ച്

1. ഗ്രാമപഞ്ചായത്ത് – 20,000/– രൂപ
2. മുനിസിപ്പാലിറ്റികൾ – 2,00,000/– രൂപ
3. കോർപ്പറേഷൻ – 5,00,000/– രൂപ

**തീരുമാനം** –അനുമതി നൽകുന്നു.

(നടപടി:– തദ്ദേശസ്വയംഭരണ(ഐ.ബി) വകുപ്പ് )

**3.41 സഹകരണസംഘം രജിസ്ട്രാറുടെ 01.02.2017-ലെ MT(3) 1365-ാം നമ്പർ കത്ത് (LSGD-DA2/310/2017-LSGD)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവശ്യാവശ്യമായ പുസ്തകങ്ങൾ വാങ്ങുമ്പോൾ ബുക്ക്മാർക്കിന് മുൻഗണന നൽകണമെന്ന് നിർദ്ദേശമുണ്ട്. ബുക്ക് മാർക്കിനോടൊപ്പം സാഹിത്യ പ്രവർത്തക സഹകരണ സംഘത്തെയും ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം** - സാഹിത്യ പ്രവർത്തക സഹകരണ സംഘത്തെയും ഉൾപ്പെടുത്തുന്നു.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

**3.42 തെന്മല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.07.2017-ലെ കത്തും 29.05.17-ലെ 111(5)/17-18-ാം നമ്പർ ഭരണസമിതി തീരുമാനവും**

പഞ്ചായത്തിലെ ഗവ.സ്കൂളുകളിൽ നിയമനം കിട്ടുന്ന അദ്ധ്യാപകർ ലീവെടുത്തു പോകുന്നതിനാൽ അദ്ധ്യയനം മുടങ്ങുന്നുണ്ട്. ഇതു പരിഹരിക്കാൻ അദ്ധ്യാപക ബാങ്കിൽ (ഗ്രാമപഞ്ചായത്ത് രൂപീകരിച്ചത് ) നിന്ന് അദ്ധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ (500 രൂപ) 2016-17-ൽ നിയമിച്ച് 98,000/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചു. (പ്രോജ.നം.194/17- പേര് - അദ്ധ്യാപക ബാങ്ക്). ഇതിനു സാധൂകരണം ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം** - പരിഗണിച്ചില്ല. പൊതു തീരുമാനം ഖണ്ഡിക 2.6 ബാധകമാണ്.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

**3.43 തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലാ വൈസ് ചെയർമാന്റെ 05.06.2017-ലെ കത്ത്**

മലയാള സർവകലാശാല നടത്തുന്ന പത്ത് എം.എ കോഴ്സുകളിൽ ഒന്നാണ് "തദ്ദേശ വികസന പഠനം". തദ്ദേശഭരണ വകുപ്പിന്റെ കീഴിലുള്ള കുടുംബശ്രീ, കില, തദ്ദേശമിത്രം തുടങ്ങിയവയിൽ നിയമിക്കപ്പെടുന്നവർക്ക് ഈ സർവകലാശാലയിലെ "തദ്ദേശ വികസന പഠനം" എം.എ ബിരുദം യോഗ്യതയായി അംഗീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം** - 1) ഈ ബിരുദം ഉള്ളവരേയും പരിഗണിക്കാവുന്നതാണ്.

2) 'തദ്ദേശ വികസന പഠനം' എന്ന ബിരുദവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ/പഠനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടത്തുന്നതിന് സർവ്വകലാശാല നടപടി സ്വീകരിക്കണം.

(നടപടി:- തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ് )

## 3.44 **കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.07.2017–ലെ B1–2430/17–ാം നമ്പർ കത്ത്**

2015–16–ലെ പ്രോജക്ടുകൾ മാറ്റമില്ലാത്ത സ്പിൽഓവർ പ്രോജക്ട് എന്ന നിലയിൽ 2017–18 വർഷം തുടരുന്നുണ്ട്. റോഡ് പുനരുദ്ധാരണ പദ്ധതിക്കുള്ള അധിക വിഹിതമായി ജില്ലാ പഞ്ചായത്തിന് തുക ലഭിച്ചിരുന്നു. 19.09.2015–ലെ GO(p)419/2015–നമ്പറായി 58,95,631/– രൂപ അധികമായി ജില്ലാ പഞ്ചായത്തിന് അനുവദിച്ചു. 31.03.2017–ൽ സമർപ്പിച്ച ക്യൂ ലിസ്റ്റിലുള്ള ബില്ലുകളിൽ 26,59,577/– രൂപയുടെ റോഡു പുനരുദ്ധാരണ പദ്ധതിയുടെ അധിക വിഹിതം വകയിരുത്തിയ ബില്ലും ഉണ്ടായിരുന്നു. 31.03.2017–ന് ചില ബില്ലുകൾ മാറിയില്ല. ഈ വർഷം ഈ ഹെഡ് ഓഫ് അക്കൗണ്ടിൽ തുകയില്ല. അതിനാൽ സാംഖ്യ വഴി ബിൽ അയയ്ക്കാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ 2017–18 വർഷം മാറ്റമില്ലാതെ സ്പിൽ ഓവറായി ഉൾപ്പെട്ട കാടാച്ചിറ – PHC – പള്ളിമുക്ക് റോഡ് (പ്രോ.നം.99/2018) എന്ന പ്രോജക്ടിന്റെ (ബിൽ തുക 26,59,557 രൂപ) മാറുന്നതിന് ക്രമീകരണം ചെയ്യണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം** – 2017–18 ബഡ്ജറ്റ് തുക ഉപയോഗിക്കണം. അപ്രകാരം പ്രോജക്ട് ഭേദഗതി വരുത്തണം. അതിനാവശ്യമായ നടപടി ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിക്കണം.

നടപടി:–1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

2)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐകെ.എം

## 3.45 **ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ ലിമിറ്റഡിന്റെ 07.08.2017–ലെ A30–CKCL – 2017–ാം നമ്പർ കത്ത്. 12.07.2017–ൽ നടന്ന കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ 12.07.2017–ലെ മിനിറ്റ്സും**

**തീരുമാനം:–**

12.07.2017–ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റിയോഗ മിനിട്സിന്റെ (ഖണ്ഡിക 2.7) മാലിന്യ ശേഖരണ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ക്ലീൻ കേരള കമ്പനി മാനദണ്ഡ പ്രകാരമുള്ള ടെണ്ടർ നടപടികളിലെ സ്പഷ്ടീകരണം സംബന്ധിച്ച്

23/03/2017–ാം തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 2.8 തീരുമാന പ്രകാരമുള്ള സർക്കാർ ഉത്തരവ് (സാധാ)നം.1641/2017 തസ്വഭവ തീയതി 19.05.2017 അനുസരിച്ച് ഗ്രാമ–ബ്ലോക്ക് – ജില്ലാ പഞ്ചായത്തുകൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്ടുകളും ഇ– മാലിന്യ

സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടികൾ ഒഴിവാക്കി പദ്ധതി നിർവഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ വലിയ ഗ്രാമപഞ്ചായത്തുകളിലും, നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളിലും, ബ്ലോക്ക് പഞ്ചായത്തുകളിലും, നഗരസഭ കളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ്, ബെയിലിംഗ് യൂണിറ്റുകൾ ആവശ്യത്തിനനുസരിച്ച് സ്ഥാപിക്കുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇംപ്ലിമെന്റിംഗ് ഏജൻസിയായ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് വഴിയല്ലാതെ നേരിട്ട് ടെണ്ടർ വഴി ഈ മെഷീനറികൾ വാങ്ങുന്നതിന് തടസ്സമില്ല. പക്ഷേ ഇത് ഇ-ടെണ്ടർ മുഖാന്തിരം, എല്ലാ നടപടിക്രമങ്ങളും പാലിച്ചായിരിക്കണം വാങ്ങേണ്ടത്. മെഷീനറികളുടെ സ്പെസി ഫിക്കേഷനുകൾ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർക്ക് മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി നൽകേണ്ടതാണ്. മോട്ടോറുകളുടെ ഹോഴ്സ് പവർ, വാറണ്ടി, ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് (എ.എം.സി) എന്നിവ സ്പെസിഫിക്കേഷനനുസരിച്ചായിരിക്കണം. ഇങ്ങനെ വാങ്ങുന്ന മെഷീനറികളിൽ ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക്കിന്റെ ബൈബാക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്വന്തം ഉത്തരവാദിത്തത്തിൽ നടത്തേണ്ടതാണ്. മെഷീനുകൾ കൃത്യമായി പ്രവർത്തിക്കുന്നു എന്നും അതിലൂടെ ഉൽപാദിപ്പിക്കുന്ന ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് നിശ്ചയിച്ച വിലയിൽ കുറയാതെ വില്പന നടത്തുന്നതിനുള്ള പൂർണ്ണഉത്തരവാദിത്വം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടേതായിരിക്കും.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

## 3.46 <u>**കുന്നത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.07.2017-ലെ A3-4671/17-ാം നമ്പർ കത്തും 09.07.2017-ലെ IV(6)-ാം നമ്പർ ഭരണ സമിതി തീരുമാനവും**</u>

കുന്നത്തൂർ ഗ്രാമപഞ്ചായത്തിലെ ഐവർകാല നടുവിൽ ഭാഗത്തെ കളിയ്ക്കലഴികത്ത് ജംഗ്ഷൻ പാറമല റോഡ്, ഗണപതിയാ മുകൾ ചിറയിൽ വടക്കേക്കര റോഡ് എന്നീ റോഡുകളുടെ ഇനിയും കോൺക്രീറ്റ് ചെയ്യാനുള്ള ഭാഗത്ത് 50 ശതമാനത്തിലധികം പട്ടികജാതി വിഭാഗക്കാർ ഇല്ല എന്ന കാരണത്താൽ പട്ടികജാതി വികസന ഓഫീസർ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. എസ്.സി.എസ്.പി. ഫണ്ട് ഉപയോഗിച്ച് ഇത് കോൺക്രീറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച്

<u>**തീരുമാനം**</u> - നിരസിക്കുന്നു. പൊതു വിഭാഗം ഫണ്ട് ഉപയോഗിക്കണം

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.47 **<u>തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.07.2017–ലെ DPTVPM/പ്രസിഡിന്റ്/416/2017–ാം നമ്പർ കത്ത്</u>**

മാർഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് ഡി.പി.സി. അംഗീകാരം നൽകിയിട്ടില്ലെന്നും ഇവ നടപ്പാക്കുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം നൽകണമെന്നത് സംബന്ധിച്ച്

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വിഭാഗം | തുക |
|---|---|---|---|---|
| 1 | 1042/18 | കാളക്കുട്ടി, പോത്തുകുട്ടി പരിപാലന പദ്ധതി | എസ്.സി | 50,00,000/– |
| 2 | 1043/18 | കാളക്കുട്ടി, പോത്തുകുട്ടി പരിപാലന പദ്ധതി | എസ്.റ്റി | 30,00,000/– |
| 3 | 1045/18 | കാളക്കുട്ടി, പോത്തുകുട്ടി പരിപാലന പദ്ധതി | വനിത | 65,00,000/– |
| 4 | 1047/18 | കിടാരി വളർത്തൽ | എസ്.സി | 50,00,000/– |
| 5 | 1062/18 | കിടാരി വളർത്തൽ | എസ്.റ്റി | 5,00,000/– |
| 6 | 1151/18 | നാടൻ, വെച്ചൂര്, കാസർഗോഡ് ഡാർഫ് പശു വളർത്തൽ പദ്ധതി | ജനറൽ | 50,00,000/– |
| 7 | 1154/18 | നാടൻ, വെച്ചൂര്, കാസർഗോഡ് ഡാർഫ് പശു വളർത്തൽ പദ്ധതി | എസ്.സി | 25,00,000/– |
| 8 | 1331/18 | മുട്ടകോഴി വിതരണം – പട്ടികജാതി ഗ്രൂപ്പകൾക്ക് | എസ്.സി | 50,00,000/– |
| 9 | 779/18 | ലാപ് ടോപ് വിതരണം | എസ്.റ്റി | 5,00,000/– |
| 10 | 1236/18 | പട്ടികജാതി വിഭാഗക്കാർക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനു സബ്സിഡി ധനസഹായം | എസ്.സി | 50,00,000/– |
| 11 | 926/18 | വനിത സംരംഭകൾക്കുള്ള കൂൺ കൃഷി | ജനറൽ | 16,50,000/– |
| 12 | | തേനീച്ച വളർത്തൽ പദ്ധതി | എസ്.റ്റി | 5,00,000/– |

**<u>തീരുമാനം</u>** – അനുമതി നിരസിച്ചു

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

3.48 **<u>വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.07.2017–ലെ കത്ത്</u>**

2013–14 സാമ്പത്തിക വർഷം പഞ്ചായത്ത് ഓഫീസ് കം കോംപ്ലക്സിന് KURDFC–യിൽ നിന്ന് 1,42,20,000/– രൂപ ലോണായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 85,44,385/– രൂപ ലഭിച്ചു. കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. ഇനി ലഭിക്കാനുള്ള തുകയായ 56,75,615/– രൂപ ഒഴിവാക്കി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 51,13,400/– രൂപയും ബാക്കി തനത് ഫണ്ടും ഉപയോഗിക്കാൻ പ്രോജക്ട് തയ്യാറാക്കിയെങ്കിലും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ലാത്തതിനാൽ വെറ്റിംഗ് ഓഫീസർ അംഗീകരിച്ചില്ല. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം** – അനുമതി നിരസിച്ചു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.49 **തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 09.08.2017–ലെ ഡി.ബി.3–5068/17/CE/തസ്വഭവ കത്ത്**

സംസ്ഥാനത്ത് പല തദ്ദേശഭരണ സ്ഥാപനങ്ങളും ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് പ്രോജക്ട് എടുത്തിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് റോഡ് കോൺക്രീറ്റിംഗിന് ഉപയോഗിക്കാവുന്നതല്ലാത്തതിനാൽ ഇവയ്ക്ക് വെറ്റിംഗ് ഓഫീസർമാർ അംഗീകാരം നൽകുന്നില്ല. ഇതു സംബന്ധിച്ച് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം** – 1) കേന്ദ്ര ധന മന്ത്രാലയത്തിന്റെ മാർഗരേഖപ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഉപയോഗം സംബന്ധിച്ച് ആസൂത്രണ മാർഗരേഖയിൽ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് റോഡ് കോൺക്രീറ്റിംഗിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല.

2)പൊതു തീരുമാനം ഖണ്ഡിക 2.15 ബാധകമാണ്

(നടപടി:– തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ് )

3.50 **പട്ടിത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.08.2017–ലെ A1/3598/17–ാം നമ്പർ കത്തും,19.07.2017–ലെ (1)–ാം നമ്പർ ഭരണ സമിതി തീരുമാനവും**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് റോഡ് കോൺക്രീറ്റിംഗിന് 20 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ വെറ്റിംഗ് ഓഫീസർ അംഗീകരിച്ചില്ല. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം** – അനുമതി നിരസിച്ചു. പൊതു തീരുമാനം 2.15 ഖണ്ഡിക ബാധകമാണ്

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.51 **ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡിന്റിന്റെ 14.08.2017–ലെ കത്ത്**

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനുള്ള സംയുക്ത പ്രോജക്ട് ഗ്രാമപഞ്ചായത്ത് മുഖേന നൽകുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം** – ഗ്രാമപഞ്ചായത്തുകളുടെ ക്ഷീര വികസനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കി വരുന്നത് ഡയറി ഫാം ഇൻസ്ട്രക്ടർമാർ /പ്രത്യേക

സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കുന്ന ഉദ്യോഗസ്ഥൻ ആണ്. ഈ രീതി തന്നെ തുടരാവുന്നതാണ്.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.52 <u>Diploma in Community Based Rehabilitation (DCBR) **കോഴ്സ് പാസായ ഉദ്യോഗാർത്ഥികൾ നൽകിയ കത്ത്. (ലഭിച്ചത് 16.07.2017-** LSGD- IAI/301/2017-LSGD)</u>

ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്പെഷ്യൽ സ്കൂൾ, ബഡ്സ് സ്കൂൾ എന്നിവിടങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കുള്ള യോഗ്യതയിൽ Diploma in Community Based Rehabilitation (DCBR) എന്ന കോഴ്സ് കൂടി ഉൾപ്പെടുത്തി നിലവിലെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഭേദഗതി ചെയ്യണം എന്നതു സംബന്ധിച്ച്

<u>**തീരുമാനം**</u> - വകുപ്പുതലത്തിൽ തീരുമാനമെടുക്കണം

(നടപടി:– തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ് )

3.53 <u>**ബഹു. അരുവിക്കര എം.എൽ.എ.യുടെ 17.07.2017-ലെ കത്തും വെള്ളനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.07.2017-ലെ കത്ത്** (LSGD-DB3/149/2017/LSGD)</u>

വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതി അംഗീകാരത്തിന് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചുവെങ്കിലും ന്യൂനതകൾ ഉള്ളതിനാൽ ഡി.പി.സി അംഗീകരിച്ചില്ല. ഇത് അംഗീകരിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്

<u>**തീരുമാനം**</u> - 1) ഇത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സംസ്ഥാനതല അപ്പീൽ കമ്മിറ്റിയെ ചുമതലപ്പെടുത്തി.

2) വാർഷിക പദ്ധതി അംഗീകരിക്കുന്നതുവരെ പോഷകാഹാര പരിപാടി, ആശുപത്രിക്കു മരുന്ന്, പാലിയേറ്റീവ് പ്രവർത്തനം മുതലായ മുടക്കം കൂടാതെ നടപ്പാക്കേണ്ട പ്രോജക്ടുകൾ നിർവഹണം നടത്താനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കണം

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

3.54 **<u>കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.07.2017-ലെ 82/2016-17/DPC/DPO/Kannur (LSGD-DA1/575/2017-LSGD)</u>**

കണ്ണൂർ ജില്ലയിൽ വിവധ തദ്ദേശഭരണ സ്ഥാപനങ്ങൾ ശിശു വിഭാഗത്തിലെ ഫണ്ട് ഉപയോഗിച്ച് ശിശു മന്ദിരങ്ങളിലെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനും നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് വാടക നൽകുന്നതിനും പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നു. ഈ പ്രോജക്ടിന് ഡി.പി.സി. അംഗീകാരം നൽകിയിരുന്നില്ല. എന്നാൽ ഇവയ്ക്ക് അനുമതി നൽകണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാൻ ഡി.പി.സി. തീരുമാനിച്ചിട്ടുണ്ട്. ഇവയ്ക്ക് അനുമതി നൽകാമോ എന്ന് സ്പഷ്ടീകരണം നൽകണമെന്നത് സംബന്ധിച്ച്

**<u>തീരുമാനം</u>** – 1) മാർഗരേഖ പ്രകാരം പോഷകാഹാര പരിപാടിക്ക് ശിശുവിഭാഗത്തിലെ ഫണ്ടുപയോഗിക്കാവുന്നതല്ല.

2) ഗവ. സ്കൂൾ കെട്ടിടങ്ങളുടെ വാടക നൽകാൻ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിക്കാൻ അനുമതി നൽകുന്നു

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.55 **<u>ശ്രീ. ഫിലിപ്പ് കുരുവിളയുടെ കത്ത് (ലഭിച്ചത് 31.07.2017-ൽ) (LSGD-DA1/583/2017-LSGD)</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ഫയൽ ക്രമീകരിച്ച് സൂക്ഷിക്കുന്നതിന് ഉത്തരവുണ്ടാകണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>** – – വകുപ്പുതലത്തിൽ നടപടി സ്വീകരിക്കണം

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.56 **<u>ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 07.08.2017-ലെ C-875/17-ാം നമ്പർ കത്ത്</u>**

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിന് അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>** – ഗ്രാമപഞ്ചായത്തു മുഖേന നടപ്പാക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

## 3.57 കണ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2017-A3-1858/16-ാം നമ്പർ കത്ത്

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്ത് ഓഫീസിനു സൗരോർജ്ജ പ്ലാന്റ് എന്ന പ്രോജക്ടിന് (നം.61/17- അടങ്കൽ 7,50,000/- രൂപ) വെറ്റിംഗ് ഓഫീസർ അംഗീകാരം നൽകിയില്ല. അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** - അനുമതി നിരസിച്ചു

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

## 3.58 കണ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2017-ലെ കത്ത്

അങ്കണവാടി വർക്കർമാർ/ഹെൽപ്പർമാർക്ക് അധിക വേതനം നൽകുന്നതിനുള്ള പ്രോജക്ട് (നം.72/17, തുക 6,13,200/- രൂപ) വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയതിനാൽ ഡി.പി.സി. അംഗീകരിച്ചില്ല. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** - അനുമതി നിരസിച്ചു. ഇത് വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.

(നടപടി:- തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ് )

## 3.59 കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.02.2017- ലെ കത്ത്

ഗ്രാമപഞ്ചായത്തിലെ പ്രധാന റോഡുകളും ഉൾറോഡുകളും അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിന് താഴെപറയുന്ന റോഡുകൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ Bitumen Macadam and Bitumen Concret (BM & BC) സ്പെസിഫിക്കേഷൻ പ്രകാരം നിർമ്മിക്കാൻ അനുമതി നൽകണമെന്നുള്ളത് സംബന്ധിച്ച്

| ക്രമ നം | പ്രോജക്ട് നമ്പർ | പേരുവിവരം |
|---|---|---|
| 1 | 108/18 | താമരച്ചാൽ ബൈപ്പാസ് സേവനപ്പട ലിങ്ക് റോഡ് |
| 2 | 114/18 | ആട്ടപടിചിറക്കാട് റോഡ് പുനരുദ്ധാരണം |
| 3 | 119/18 | പൂക്കോളമുക്ക് റോഡ് പുനരുദ്ധാരണം |
| 4 | 120/18 | ഇരപ്പംപ്പാറ ആഞ്ഞിലി ചുവട് റോഡ് പുനരുദ്ധാരണം |
| 5 | 123/18 | കിഴക്കമ്പലം മാർക്കറ്റ് താമരച്ചാല് ബൈപ്പാസ് റോഡ് പുനരുദ്ധാരണം |
| 6 | 150/18 | ചൂരക്കോട് ബൈപ്പാസ് രണ്ടാംഘട്ട റോഡ് പുനരുദ്ധാരണം |
| 7 | 153/18 | വിലങ്ങ് അമ്പലപ്പടി റോഡ് പുനരുദ്ധാരണം |
| 8 | 162/18 | പള്ളിക്കുറ്റി ചിറവക്കാവ് രണ്ടാംഘട്ട റോഡ് പുനരുദ്ധാരണം |

**തീരുമാനം** - 1) പ്രോജക്ട് വിശദാംശങ്ങൾ സമർപ്പിച്ചിട്ടില്ല.

2) ഗ്രാമപഞ്ചായത്തുകളിൽ BM&BC സ്പെസിഫിക്കേഷൻ പ്രകാരം റോഡ് നിർമ്മിക്കുക/പുനരുദ്ധാരണം നടത്തേണ്ടതില്ലെന്ന് യോഗം നിരീക്ഷിച്ചു.
3) ഈ റോഡുകളുടെ ട്രാഫിക് & ട്രാൻസ്പോർട്ടേഷൻ സാന്ദ്രത സംബന്ധിച്ച് പഠനം നടത്തി അതിന്റെ റിപ്പോർട്ട് കൂടി സമർപ്പിക്കണം.
4) അനുമതി നൽകുന്ന കാര്യം ഇപ്പോൾ പരിഗണിക്കേണ്ട തില്ലെന്ന് തീരുമാനിച്ചു.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.60 **എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.06.17 ലെ C1–392/17–ാം നമ്പർ കത്ത്.**

2013 –14 ൽ നിർമ്മാണം ആരംഭിച്ച പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം എന്ന പ്രോജക്ട് പൂർത്തിയായിട്ടില്ല. ഈ പ്രോജക്ടിന് ഉൾപ്പെടുത്തിയിരുന്ന തുക ക്യാരി ഓവറായി അനുവദിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം** – – ക്യാരി ഓവർ ലഭിക്കില്ല. 2017–18 വാർഷിക പദ്ധതി വിഹിതമോ തനതുഫണ്ടോ ഉപയോഗിക്കണം.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.61 **വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 15.07.2017 – ലെ കത്ത്**

പഞ്ചായത്തിലെ വിവിധ റോഡു പ്രവർത്തികൾ ഒറ്റ പ്രോജക്ടായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന് ഡി.പി.സി. അംഗീകാരം നൽകിയില്ല. പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** – അനുമതി നിരസിച്ചു. വിവിധ റോഡുകൾ ഒറ്റ പ്രോജക്ടായി നിർവഹണം നടത്താവുന്നതല്ല.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.62 **മലപ്പുറം മുനിസിപ്പൽ ചെയർപേഴ്സന്റെ 01.08.2017–ലെ C–802/14–ാം നമ്പർ കത്ത്.**

പുതിയ ഉത്തരവുപ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ ഡി.ബി.റ്റി. സൈറ്റിൽ രേഖപ്പെടുത്തുന്ന തീയതി മുതലാണ് പ്രാബല്യത്തിൽ ആക്കുന്നത്. അപേക്ഷ നഗരസഭാ ഓഫീസിൽ ലഭിച്ച തീയതി മുതൽ പ്രാബല്യത്തിലാക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം** – വകുപ്പുതലത്തിൽ നടപടി സ്വീകരിക്കേണ്ട വിഷയമാണ്.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ് )

3.63 **<u>കോഡൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.08.2017– ലെ കത്ത്</u>**

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 2000 മുതൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ പരിശീലന കേന്ദ്രമുണ്ട്. 2017 – 18 വാർഷിക പദ്ധതിയിൽ ഇവിടെ കമ്പ്യൂട്ടർ പരിശീലനത്തിന് പ്രോജക്ടുകൾ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഡി.പി.സി അംഗീകരിച്ചില്ല. പ്രത്യേക അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>** – **1)** മുൻപ് തുടർന്നു പോരുന്ന പ്രോജക്ടായതിനാൽ ഈ വർഷത്തേയ്ക്ക് മാത്രമായി അനുമതി നൽകുന്നു

2) ഇനിയുള്ള വർഷങ്ങളിൽ ഗുണഭോക്താക്കളിൽ നിന്നുള്ള ഫീസ് ഉപയോഗിച്ച് പ്രോജക്ട് നടപ്പാക്കണം.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.64 **<u>തിരുവനന്തപുരം ക്ഷീരവികസനവകുപ്പ് ഡെ.ഡയറക്ടറുടെ 17.08.2017 ലെ F/5505/2017–ാം നമ്പർ കത്ത്.</u>**

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പശുവിനെവാങ്ങുന്നതിന് റിവോൾവിംഗ് ഫണ്ട് (പ്രോ.നം. 1044/18 – തുക 50.00 ലക്ഷം രൂപ ജനറൽ), വനിതാ ക്ഷീരകർഷകർക്ക് പശുവിനെ വാങ്ങുന്നതിന് റിവോൾവിംഗ് ഫണ്ട് ( പ്രോ.നം 1061/18 തുക 40.00 ലക്ഷം രൂപ) എന്നീ പ്രോജക്ട് ഡി.പി.സി. അംഗീകരിച്ച് വെറ്റിംഗ് ഓഫീസർ അംഗീകാരവും നൽകിയിട്ടുണ്ട്. എന്നാൽ ഇതു മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ലാത്തതിനാൽ പ്രോജക്ട് നടപ്പാക്കാമോ എന്ന സ്പഷ്ടീകരണം സംബന്ധിച്ച്

**<u>തീരുമാനം</u>** – ബാങ്ക് വായ്പ കൂടി ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കാൻ അനുമതി നൽകുന്നു.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.65 **<u>തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.08.2017 ലെ C/196/17/Plan നമ്പർ കത്ത്.</u>**

ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് സബ്സിഡി നൽകാൻ 7.00 ലക്ഷം രൂപയുടെ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചില ഗ്രാമപഞ്ചായത്തുകൾ പാലിനു സബ്സിഡി നൽകുന്ന പ്രോജക്ടു ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ നേരിട്ട് സബ്സിഡി നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** – ഗ്രാമപഞ്ചായത്ത് പ്രോജക്ട് വച്ചിട്ടില്ലെങ്കിലും പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ഡയറി ഫാം ഇൻസ്ട്രക്ടർ മുഖേന പ്രോജക്ട് നടപ്പാക്കാവുന്നതാണ്.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.66 **അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.06.17 - ലെ A3–5261/17–ാം നമ്പർ കത്ത്, 19.08.2014– ലെ 53430/DA2/14/തസ്വഭവ സർക്കാർ കത്ത്, കോർഡിനേഷൻ കമ്മിറ്റിയുടെ 16.08.2014–ലെ യോഗതീരുമാനം (ഖണ്ഡിക 3.21) (LSGD–DA2/334/2017–LSGD).**

16.08.14– ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആമ്പല്ലൂർ മഹോത്സവം എന്ന പദ്ധതിക്ക് വേണ്ടി (ട്രേഡ്ഫെയർ) പദ്ധതി തുക ചെലവഴിക്കാൻ 19.08.14 ലെ സർക്കാർ കത്തുമുഖേന അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് ജില്ലാ പഞ്ചായത്ത് വിഹിതമായി 2.00 ലക്ഷം രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 1,43,581/– രൂപയും (വികസനഫണ്ട്) ചേർത്ത് ആകെ 3,43,581/– രൂപ ചെലവഴിച്ചു. ഇപ്രകാരം തുക ചെലവഴിക്കാൻ സർക്കാർ ഉത്തരവായി നൽകിയിട്ടില്ലാത്തതിനാൽ ലോക്കൽ ഫണ്ട് കുറിപ്പെഴുതിയിരിക്കുന്നു. ഇതിന് സാധൂകരണം നൽകണമെന്നു സംബന്ധിച്ച്

**തീരുമാനം** – കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ കത്ത് നൽകിയത്. ഇതിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ പ്രോജകട് ക്രമ വിരുദ്ധമാണെന്ന് കുറിപ്പെഴുതിയ നടപടി ശരിയല്ല എന്ന് കോഓർഡിനേഷൻ കമ്മിറ്റി നിരീക്ഷിച്ചു. കുറച്ചു കൂടി ക്രിയാത്മകമായി ഓഡിറ്റ് ഉദ്യോഗസ്ഥരുടെ സമീപനം മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്ന് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറോട് നിർദ്ദേശിച്ചു.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.67 **മലപ്പുറം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ 27.01.2017–ലെ RD5/2355/2017–ാം നമ്പർ കത്തും ഗ്രാമവികസന കമ്മീഷണറുടെ 31.01.2017–ലെ 699/DP4/17/CRD കത്തും (LSGD -DB3/74/2017/LSGD)**

മലപ്പുറം ജില്ലയിൽ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ (ജനറൽ) ഔദ്യോഗികാവശ്യത്തിനായി ജില്ലയിലെ 15 ബ്ലോക്ക് പഞ്ചായത്തുകളുടെ സാമ്പത്തിക സഹായത്തോടെ ഒരു വാഹനം വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** – 1) ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ADC(G)ന്ന വാഹനം വാങ്ങാവുന്നതല്ല.

2) വാഹനം വാങ്ങുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഗ്രാമ വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചു.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

## 3.68 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 1.08.2017–ലെ കത്ത്

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള കമ്മ്യൂണിറ്റി സെന്റർ പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റിയുടെ ഭാഗമായതിനാൽ നിലവിൽ സി.എച്ച്.സി. ഇല്ല. ബ്ലോക്ക് പഞ്ചായത്തിന്റെ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഡി.പി.സി. അംഗീകരിച്ചില്ല. ഈ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 111/18 | പള്ളിക്കൽ പി.എച്ച്.സി.യ്ക്ക് പഞ്ചാത്തല സൗകര്യമൊരുക്കൽ | 10,00,000/– |
| 2 | 112/18 | പുളിക്കൽ ഫാമിലി ഹെൽത്ത് സെന്ററിന് കെട്ടിട നിർമ്മാണം | 20,00,000/– |

**തീരുമാനം** – മുകളിൽ പറഞ്ഞവ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ അല്ലാത്ത തിനാൽ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ് )

## 3.69 ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 17.08.2017–ലെ കത്ത്

ഡി.പി.സി. അംഗീകരിച്ച താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വികസനഫണ്ട് |
|---|---|---|---|
| 1 | 75/18 | കല്പമിത്ര കേര കർഷകർക്ക് തെങ്ങു സംരക്ഷണത്തിന് ധനസഹായം | 20,00,000/– |
| 2 | 89/18 | സമൃദ്ധി –കൊക്കോ കൃഷിക്ക് ധനസഹായം | 20,00,000/– |

| | | | |
|---|---|---|---|
| 3 | 90/18 | കർഷക SHG കൾക്ക് പച്ചക്കറി കൃഷി | 13,00,000/- |
| 4 | 92/18 | തളിർ ചെറുകിട വനിതാ തേയില കർഷക സംഘങ്ങൾക്ക് ധനസാഹായം | 10,00,000/- |
| 5 | 93/18 | കാഞ്ഞാർ വാട്ടർഷെഡ് തീം പാർക്കൽ തൈകൾ വച്ചു പിടിപ്പിക്കൽ | 5,00,000/- |
| 6 | | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി | 17,05,000/- |
| 7 | 91/18 | വനിത SHG കൾക്ക് പച്ചക്കറിക്കൃഷിക്ക് ധനസഹായം | 16,90,000/- |
| 8 | | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 22,00,000/- |

**<u>തീരുമാനം</u>** - വെറ്റിംഗ് നടപടിക്രമത്തിലിരിക്കുന്ന പ്രോജക്ടായതിനാൽ പരിഗണിച്ചില്ല.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ് )

**3.70 <u>കണ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.07.2017-ലെ A-2851/17-ാം നമ്പർ കത്തും 01.07.2017-ലെ 194/17(4) -ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

ഗ്രാമപഞ്ചായത്തിന് 2013-14, 2014-15 വർഷം ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും കൈമാറിയ താഴെപ്പറയുന്ന പദ്ധതികളിൽ ചെലവഴിക്കാതെ മിച്ചം കിടക്കുന്ന തുക ലൈഫ് പദ്ധതിക്കും ബഡ്സ് സ്കൂൾ ദൈനംദിന ചെലവിനും ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്. ഈ തുക പഞ്ചായത്തിന്റെ സ്വന്തം ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്.

**I. കണ്ണൂർ ജില്ലാ പഞ്ചായത്ത് അനുവദിച്ച തുക**

<u>2012-13 വർഷം അനുവദിച്ചത്</u>

ഭവന നിർമ്മാണം (ജനറൽ) 82,500
ഭവന നിർമ്മാണം (വനിത) 1,35,000

<u>2013-14 വർഷം അനുവദിച്ചവ</u>

ഭവന നവീകരണം (എസ്.സി) 6,00,000

<u>ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ചത്</u>

2012-13 ഭവന പുനരധിവാസം 7,50,000

| | |
|---|---|
| ഭവന പുനരുദ്ധാരണം | 75,000 |
| 2013–14 ഭൂരഹിത പുനരധിവാസം | 67,755 |
| ആശ്രയ പദ്ധതി | 1,50,000 |
| ആകെ (മിച്ചം വന്ന തുക) | **18,60,255 രൂപ** |
| | ========= |

ഈ തുക ലൈഫ് പദ്ധതിക്ക് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** – ബ്ലോക്ക് പഞ്ചായത്ത് കൈമാറിയ 1,50,000/– രൂപ ആശ്രയ പദ്ധതിക്ക് മാത്രമായി ഉപയോഗിക്കണമെന്ന നിബന്ധനയോടെ ബാക്കി തുക ലൈഫ് പദ്ധതിക്ക് ഉപയോഗിക്കാൻ അനുമതി നൽകുന്നു.

II. ജില്ലാ പഞ്ചായത്ത് ബഡ്സ് സ്കൂളിനു അനുവദിച്ചത്.

| | |
|---|---|
| 2013–14 ബഡ്സ് സ്കൂൾ | 95,085 |
| 2016–17 ബഡ്സ് സ്കൂൾ | 5,65,743 |
| ആകെ (മിച്ചം വന്ന തുക) | 6,60,828 രൂപ |
| | ======= |

ഈ തുക ബഡ്സ് സ്കൂൾ ദൈനംദിന നടത്തിപ്പിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** – അനുമതി നൽകുന്നു.

(നടപടി:– തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ് )

3.71 **ബഹു. ചവറ എം.എൽ.എ.യുടെ 09.08.2017–ലെ T37/08/2017 (P) നമ്പർ കത്തും തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 15.07.2017–ലെ 2–ാം നമ്പർ ഭരണസമിതി തീരുമാനവും**

പഞ്ചായത്തിൽ ഇ.എം.എസ്. ഭവന നിർമ്മാണത്തിന് 33 ഗുണഭോക്താക്കൾക്ക് 2011–12 സാമ്പത്തിക വർഷം 75,000/–രൂപ വീതം നൽകി. ഇവർ 01.04.2011–നു ശേഷമാണ് എഗ്രിമെന്റ് വച്ചത്. 19.01.2012–ലെ 15/2012/തസ്വഭവ ഉത്തരവു പ്രകാരം 01.04.2011–നു ശേഷം എഗ്രിമെന്റ് വച്ച പട്ടികജാതി വിഭാഗക്കാർക്ക് 2,00,000/– രൂപയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 2,50,000/– രൂപയും ആയി യൂണിറ്റ് നിരക്ക് വർദ്ധിപ്പിച്ചു. ഈ നിരക്കിൽ ബാക്കി തുക പട്ടികജാതി വിഭാഗക്കാർക്ക് 2017–18–ൽ 50,000/– രൂപ വീതവും 2018–19–ൽ 75,000/– രൂപ വീതവും നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** - ഇത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കും.

(നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ )

3.72 **ഏലംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.07.2017-ലെ B2-1050/15-ാം നമ്പർ കത്തും 11.07.2017-ലെ 1-ാം നമ്പർ ഭരണസമിതി തീരുമാനവും**

2016-17 വർഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് 7.00 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിരുന്നു. തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം വന്നതിനാൽ ലാപ് ടോപ് നൽകാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ 10 കുട്ടികൾ അവസാന വർഷം ബിരുദത്തിന് പഠിക്കുന്നവരായിരുന്നു. സ്പിൽ ഓവറായി തുടരുന്ന ഈ പ്രോജക്ടിൽ മുകളിൽ പറഞ്ഞ 10 കുട്ടികൾക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

ഇതു കൂടാതെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന 2 കുട്ടികൾ നെട്ടൂർ ട്രെയിനിംഗ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിൽ ഡിപ്ലോമയ്ക്ക് പഠിക്കുന്നവരാണ് (മെക്കട്രോണിക്സ് , ഡിപ്ലോമ ഇൻ ഇൻഫർമേഷ് ടെക്നോളജി) ഇവർക്ക് കൂടി ലാപ് ടോപ് നൽകാമോ എന്ന് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം:-** 1) ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട പ്രൊഫഷണൽ വിദ്യാർത്ഥികൾക്കും നെട്ടൂർ ട്രെയിനിംഗ് ഫൗണ്ടേഷൻ സ്ഥാപനത്തിലെ ഡിപ്ലോമയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും നൽകാം.

2) ബിരുദ വിദ്യാർത്ഥികൾക്ക് നൽകാൻ അനുമതി കഴിഞ്ഞ വർഷം ഇല്ലായിരുന്നു എന്നിരിക്കെ ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കു കൂടി ലാപ് ടോപ് വാങ്ങി സൂക്ഷിച്ചത് ക്രമ വിരുദ്ധമാണ്. പഞ്ചായത്ത് ഡയറക്ടർ വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കണം.

(നടപടി:- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2)പഞ്ചായത്ത് ഡയറക്ടർ)

3.73 **ബഹു. ചെങ്ങന്നൂർ എം.എൽ.എ.യുടെ 07.08.2017-ലെ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 21.07.2017-ലെ D/170/17-ാം നമ്പർ കത്തും.**

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സംയോജിത നീർത്തട പദ്ധതി (IWMP) യുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട നീർത്തട JLG കൾക്ക് (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്) റിവോൾവിംഗ് ഫണ്ട് നൽകാൻ 29,75,000/- രൂപയുടെ

പ്രോജക്ട് 2016–17–ൽ വകയിരുത്തിയിരുന്നു. (119 ഗ്രൂപ്പുകൾക്ക് 25,000/– രൂപ വീതം). തൊഴിൽ സംരംഭത്തിന് ബാങ്ക് വായ്പാധിഷ്ഠിതമായിരിക്കണമെന്ന വ്യവസ്ഥ യില്ലാത്തതിനാൽ റിവോൾവിംഗ് ഫണ്ട് നൽകാനുള്ള ആവശ്യം 15.03.2017–ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ (ഖണ്ഡിക 3.19) നിരസിച്ചിരുന്നു. വായ്പാ ബന്ധിതമായി പ്രോജക്ട് മാറ്റം വരുത്തി എന്നറിയിച്ചുകൊണ്ട് റിവോൾവിംഗ് ഫണ്ടു നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** – 2016–17 ലെ സ്കിൽ ഓവർ പ്രോജക്ട് വായ്പാധിഷ്ഠിത മായി എന്നറിയിച്ചിട്ടുണ്ടെങ്കിലും വിശദാംശ ങ്ങൾ നൽകിയിട്ടില്ല. ഏത് ബാങ്ക്, ഗുണഭോക്താക്കൾ ആരൊക്കെ തുടങ്ങിയ വിവരങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് അടുത്ത കോർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് നൽകാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

(നടപടി:–1) തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്
2)ഗ്രാമവികസന കമ്മീഷണർ )

## 3.74 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.08.2017–ലെ A2–88/87–ാം നമ്പർ കത്ത്

2017–18–ലെ താഴെപ്പറയുന്ന പ്രോജക്ടുകൾ വെറ്റിംഗ് ഓഫീസർ വെറ്റ ചെയ്യാൻ വിസമ്മതിച്ചിരിക്കുന്നതിനാൽ പ്രത്യേക അനുമതിക്കു സമർപ്പിച്ചിരിക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | 137/18 | സ്വപ്ന ചിറക് | 6,00,000/– |
| 2 | 133/18 | ഓട്ടിസം ക്ലിനിക്ക് | 6,00,000/– |
| 3 | 131/18 | മാതൃ സാന്ത്വനം | 15,00,000/– |
| 4 | 89/18 | കസ്റ്റം ഹയറിംഗ് സെന്ററിനു മെഷീനറി | 50,00,000/– |

**തീരുമാനം** – വെറ്റിംഗ് ഓഫീസർ/ സംസ്ഥാനതല അപ്പീൽ കമ്മിറ്റി പരിഗണിക്കേണ്ട വിഷയ മാണ്.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

## 3.75 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 08.08.2017–ലെ KGPA/LM/FR/2017/80802–ാം നമ്പർ കത്ത്

പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് സംസ്ഥാനത്താകെ റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്നുണ്ടെന്നും എന്നാൽ പാലക്കാട് ജില്ലയിൽ

ഇത്തരം പ്രോജക്ടിന് വെറ്റിംഗ് ഓഫീസർ സാങ്കേതികാനുമതി നൽകുന്നില്ലെന്നും അറിയിച്ചിരിക്കുന്നു. ഇതിന്മേൽ നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം** – പൊതു തീരുമാനം ഖണ്ഡിക 2.15ബാധകമാണ്

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.76 **മാനന്തവാടി നഗരസഭ ചെയർമാന്റെ 01.08.2017–ലെ A5–2016–16–ാം നമ്പർ കത്ത്**

2016–17–ലെ വാർഷിക പദ്ധതിയിൽ TSP ഫണ്ടായ 27,48,000/– രൂപ ഉപയോഗിച്ച് പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകാൻ 2 മിനി ബസ്സുകൾ മാനന്തവാടി ഗവ.യു.പി.എസ്. ഹെഡ് മാസ്റ്ററുടേയും മാനന്തവാടി ഗവ.ഹൈസ്കൂൾ ഹെഡ് മാസ്റ്ററുടേയും പേരിൽ വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** – ഇതു സംബന്ധിച്ച് വിശദാംശങ്ങൾ നഗരസഭാ ഡയറക്ടർ മുഖേന സമർപ്പിക്കണം. പിന്നീട് പരിഗണിക്കും.

(നടപടി:– 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) മുനിസിപ്പൽ ഡയറക്ടർ)

3.77 **ലക്കിടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.08.2017–ലെ A2–5000/16–ാം നമ്പർ കത്ത്**

റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ചതുപ്പ് പ്രദേശങ്ങളിലും ചരിഞ്ഞ കുന്നിൻ പ്രദേശങ്ങളിലുമുള്ള റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം** – പ്രോജക്ടിന്റെ വിശദ വിവരങ്ങൾ സഹിതം പഞ്ചായത്ത് ഡയറക്ടർ മുഖേന സമർപ്പിക്കണം. പിന്നീട് പരിഗണിക്കും

(നടപടി:–1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്
2)പഞ്ചായത്ത് ഡയറക്ടർ )

3.78 **കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 07.08.2017–ലെ കത്തും 30.06.2017–ലെ II(1)–ാം നമ്പർ, 31.07.2017–ലെ 4(7)–ാം നമ്പർ എന്നീ ഭരണസമിതി തീരുമാനങ്ങളും**

വെറ്റിംഗ് ഓഫീസർ നിരസിച്ച താഴെപ്പറയുന്ന രണ്ടു പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

1) പ്രോ.നം 115/18 വനിതകൾക്ക് ക്യാൻസർ പരിശോധനാ ക്യാമ്പ് – 4,60,400/–രൂപ (വികസനഫണ്ട്, ജനറൽ)

2) പ്രോ.നം.25/18 എസ്.സി. വിദ്യാർത്ഥികൾക്ക് പഠന മുറി – 7,50,000/–രൂപ (എസ്.സി.എസ്.പി)

**<u>തീരുമാനം</u>** – അപ്പീൽ കമ്മിറ്റി പരിഗണിക്കേണ്ട വിഷയമാണ്.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ് )

3.79 **<u>ബഹു. ഉദുമ എം.എൽ.എ.യുടെ 08.08.2017–ലെ 2074/DB/MLA/2017–ാം നമ്പർ കത്തും ദേലംപാടി ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 26.07.2017–ലെ A2–345/17/(3)–ാം നമ്പർ കത്തും</u>**

ശുചിത്വ പരിപാലനത്തിന് 10 ശതമാനം തുക മാറ്റി വയ്ക്കണമെന്നത് 2 ശതമാനമായി കുറച്ചുകൊണ്ട് പഞ്ചായത്തിന് പ്രത്യേക അനുമതി നൽകണ മെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>** – അനുമതി നിരസിച്ചു.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.80 **<u>ബഹു. ഉദുമ എം.എൽ.എ.യുടെ 08.08.2017–ലെ 2075/DB/MLA/2017–ാം നമ്പർ കത്തും ദേലംപാടി ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 26.07.2017–ലെ A2–345/17(2)–ാം നമ്പർ കത്തും</u>**

കാസർഗോഡ് ജില്ലയിൽ ഇലക്ട്രിക്കൽ ജോലികൾക്ക് പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ കോൺട്രാക്ടർമാർക്കൊപ്പം കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ കോൺട്രാക്ടർമാരെയും അനുവദിക്കാനും ജില്ലയ്ക്ക് വേണ്ടി ലോക്കൽ റേറ്റ് നിശ്ചയിക്കാനും അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>** – ഇതു സംബന്ധിച്ച ഫയൽ തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് കൈമാറണം. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ പിന്നീട് പരിഗണിക്കും.

(നടപടി:– 1)തദ്ദേശസ്വയംഭരണ(ഇ. ഡബ്ല്യൂ) വകുപ്പ്
2)തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

3.81 **<u>ബഹു. ഉദുമ എം.എൽ.എ.യുടെ 08.08.2017–ലെ 2073/DB/MLA/2017–ാം നമ്പർ കത്തും ദേലംപാടി ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 26.07.2017–ലെ A2–345/17–ാം നമ്പർ കത്തും</u>**

പഞ്ചായത്തിൽ ഊരുംപാടിയിൽ പ്രവർത്തിക്കുന്ന മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ (MGLC) നിലവിൽ ഏകാധ്യാപക വിദ്യാലയം ആണെങ്കിലും കഴിഞ്ഞ നാല്പ വർഷമായി പി.റ്റി.എ.യുടെ സഹകരണത്തോടെ 3 അദ്ധ്യാപകരെ ഹോണറേറിയം വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഈ വർഷവും മാസം 5000/– രൂപ നിരക്കിൽ 1.50 ലക്ഷം രൂപയുടെ പ്രോജക്ട് എടുത്തിട്ടുണ്ട്. മാർഗരേഖ പ്രകാരം

ഓണറേറിയം നൽകാവുന്നതല്ല എന്നതിനാൽ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** – അനുമതി നൽകുന്നു.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.82 **കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 04.08.17–ലെ 1/17–ാം നമ്പർ കത്ത്**

2017–18 വാർഷിക പദ്ധതിയിലെ താഴെപ്പറയുന്ന ഏഴു വിദ്യാഭ്യാസ പ്രോജക്ടുകൾ വെറ്റിംഗ് ഓഫീസർ അംഗീകരിച്ചിട്ടില്ല. ഇവയ്ക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | 78/17 | ഉജ്ജ്വലം |
| 2 | 101/17 | സഫലം |
| 3 | .. | വിജയഭേരി |
| 4 | 80/17 | മുന്നേറ്റം |
| 5 | 107/17 | യോഗ പരിശീലനം |
| 6 | 159/17 | ജില്ലയെ അറിയാൻ |
| 7 | 165/17 | ഹൈസ്കൂളുകൾക്ക് ബ്ലോഗ് |

**തീരുമാനം** – സംസ്ഥാനതല അപ്പീൽ കമ്മിറ്റി പരിഗണിക്കേണ്ട വിഷയമാണ്. സംസ്ഥാനതല അപ്പീൽ കമ്മിറ്റിയ്ക്ക് സമർപ്പിക്കണം.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

3.83 **താനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 05.08.2017–ലെ 100/17–ാം നമ്പർ കത്ത്**

മൊബൈൽ വെറ്ററിനറി ക്ലിനിക്കിന് വാഹനം വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും 5.00 ലക്ഷം രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

**തീരുമാനം** – അനുമതി നിരസിച്ചു. വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കണം

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ് )

3.84 **മൊകേരി ഗ്രാമപഞ്ചായത്തിലെ സുസ്ഥിര പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതിയിലെ വാളണ്ടിയർമാർ 24.07.2017–ൽ സമർപ്പിച്ച കത്ത്**

കഴിഞ്ഞ നാലു വർഷമായി 4 വനിതാ വാളണ്ടിയർമാർ ദിവസവേതനാടിസ്ഥാനത്തിൽ സുസ്ഥിര പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതിയിൽ പഞ്ചായത്തിൽ ജോലി ചെയ്തു വരുന്നു. 2017 ജൂലൈ മാസം മുതൽ പഞ്ചായത്തിൽ നിന്നും

വേതനം നൽകുന്നതിനു പകരം യൂസർ ഫീ പിരിച്ചെടുക്കുന്ന തുക പ്രതിഫലമായി കണക്കാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു എന്നറിയിച്ചിരിക്കുന്നു. പഞ്ചായത്തിൽ നിന്നു തന്നെ വേതനം നൽകാൻ നിർദ്ദേശിക്കണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം** – ലഭിച്ച യൂസർ ഫീ എത്ര, ചെലവ് എത്ര, തുടങ്ങിയ വിവിരങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ച്ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ പിന്നീട് പരിഗണിക്കാം.

(നടപടി:– 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ)

## 3.85 കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.07.2017–ലെ A1–500/2017 നമ്പർ കത്ത്

താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

**1)** പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ചിലരുടെ കോൺക്രീറ്റ് റൂഫിംഗ് വീടുകൾ ചോർന്നൊലിക്കുന്നവയാണ്. ഇവയ്ക്ക് റൂഫിംഗ് ഷീറ്റ് ഉപയോഗിച്ച് ചോർച്ച അകറ്റാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** – വെറ്റിംഗ് ഓഫീസർ/അപ്പീൽ കമ്മിറ്റി പരിഗണി ക്കേണ്ട വിഷയമാണ്.

**2)** പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ചില കുടുംബങ്ങൾക്ക് വീടു നൽകാമെന്ന് ഊരുകൂട്ടത്തിൽ ആവശ്യം വന്നിട്ടുണ്ട്. എന്നാൽ ഇവരുടെ പേര് ലൈഫ് മിഷൻ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. അതിനാൽ ലൈഫ് പദ്ധതിയിൽ നിന്ന് ഒഴിവാക്കി ഇവർക്ക് വീട് വച്ചു ഈ വർഷം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

**തീരുമാനം** – ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ അപ്പീൽ നൽകാവുന്നതാണ്.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

**3)** റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് വെറ്റ്ലാന്റിലൂടെ പോകുന്ന കോൺക്രീറ്റ് റോഡുകളുടെ സംരക്ഷണത്തിനുള്ള പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** – അംഗീകരിച്ചില്ല.
(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

**4)** പഴയ കക്കൂസുകളുടെ അറ്റകുറ്റപ്പണി നടത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം** – ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്റർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. പിന്നീട് പരിഗണിക്കും.

(നടപടി:– 1)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്
2)ഡയറക്ടർ, ശുചിത്വ മിഷൻ)

**5)** പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്ന, പ്രോജക്ടിന് അനുമതി സംബന്ധിച്ച്

**തീരുമാനം** – 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്കാണെങ്കിൽ സൈക്കിൾ നൽകാൻ അനുമതി നൽകുന്നു.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.86 **മങ്കട ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 28.07.2017–ലെ** A2/777(2)/2017–ാം **നമ്പർ കത്ത്**

2016–17–ൽ പട്ടികജാതി വിഭാഗത്തിലെ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ലോകസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പ്രോജക്ട് നടപ്പാക്കാൻ തടസ്സം വന്നു. ഈ വർഷം സ്പിൽഓവറായി പ്രോജക്ട് തുടരുന്നുണ്ട്. ചില വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി. ഇവർക്ക് കൂടി ലാപ് ടോപ് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** – അനുമതി നൽകുന്നു.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.87 **കൊല്ലം സാമൂഹ്യനീതി ഓഫീസറുടെ 19.08.2017–ലെ** C–2379/17–ാം **നമ്പർ കത്ത്**

സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 70 പകൽ വീടുകൾ ഉണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളും പകൽ വീടുകൾ ആരംഭിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ വരുന്ന വയോജനങ്ങൾക്ക് APL/BPL വ്യത്യാസമില്ലാതെ അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് പോഷകാഹാരം നൽകുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം** – സാമൂഹ്യനീതി ഡയറക്ടർ ഇതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകണം. വകുപ്പിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമായി എത്ര പകൽ വീട്, ഹാജർ, നൽകേണ്ട സേവനങ്ങൾ തുടങ്ങിയവ പരിശോധിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വകുപ്പിന്റേയും വിവര ങ്ങൾ പ്രത്യേകമായി ഉൾപ്പെടുത്തണം. പഞ്ചായത്ത് ഡയറക്ടർ ഇതിന് നടപടി സ്വീകരിക്കണം പിന്നീട് പരിഗണിക്കും

(നടപടി:– 1)തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

2)പഞ്ചായത്ത് ഡയറക്ടർ )

3.88 **പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡിന്റിന്റെ 07.08.2017-ലെ കത്ത്** (LSGD-DA1/596/ 2017/ LSGD)

താഴെപ്പറയുന്നവ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ അല്ലാത്തതിനാൽ ഇവ നടപ്പാക്കാനായി പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|
| 1 | കൊപ്പം ഇലക്ട്രിക്കൽ സെക്ഷനിലെ വിവിധ ഇലക്ട്രിക്കൽ പ്രവൃത്തികൾ | 6,56,757 |
| 2 | പനംകുളം കോർമോത്ത് പടി ത്രീ ഫേസ് ആക്കൽ | 2,52,950 |
| 3 | തിരുവേഗപ്പുറം ഇലക്ട്രിക്കൽ സെഷനിൽപ്പെട്ട തിരുവേഗപ്പുറ പഞ്ചായത്തിലെ 2,12 വാർഡുകളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ 3 ഫേസ് വലിക്കൽ | 1,96,000 |
| 4 | പട്ടാമ്പി ഇലക്ട്രിക്കൽ സെക്ഷനിലെ വിവിധ ഇലക്ട്രിക്കൽ വർക്കുകൾ | 1,06,000 |
| 5 | കട്ടുപ്പാറ സെക്ഷനിലെ ചുണ്ടമ്പറ്റ പ്രദേശം വൈദ്യുതി ലൈൻ നീട്ടൽ | 40,000 |
| 6 | കൊപ്പം ഇലക്ട്രിക്കൽ സെക്ഷനിലെ പേരടിയൂർ അങ്കണവാടി പരിസരം വൈദ്യുതിലൈൻ ത്രീ ഫേസ് ആക്കുക | 42,193 |
| 7 | മുതുമല ഇലക്ട്രിക്കൽ സെക്ഷനിലെ തിരുവേഗപ്പുറ പഞ്ചായത്തിലെ മുണ്ടുപാറ പ്രദേശത്ത് ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | 51,250 |

**തീരുമാനം** - അനുമതി നിരസിച്ചു

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ് )

3.89 **കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 17.08.2017-ലെ** KADCO/E4/2279-**ാം നമ്പർ കത്ത്**

തദ്ദേശഭരണ സ്ഥാപനങ്ങളെ ISO നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് ഫർണിഷിംഗ്, ആധുനികവൽക്കരണം തുടങ്ങിയവ) ഒരുക്കുന്നതിന്റെ നോഡൽ ഏജൻസിയായി കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനെ നിശ്ചയിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം** - മറ്റ് സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതുപോലെ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനേയും അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരിഗണിക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.90 **<u>പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡിന്റിന്റെ 08.08.2017-ലെ കത്ത് (</u>**<u>LSGD-DA1/597/2017/LSGD)</u>

പേരാവൂർ ബ്ലോക്ക് പഞ്ചായത്തിലെ പേരാവൂർ താലൂക്ക് ആശുപത്രിയോടനുബന്ധിച്ച് ഡോക്ടർമാർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിന് ബ്ലോക്കിന് കീഴിൽ വരുന്ന 7 പഞ്ചായത്തുകളിൽ നിന്നും 2.00 ലക്ഷം രൂപയിൽ കുറയാത്ത തുക നൽകുന്നതിന് അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>** – ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകേണ്ട വിഹിതം ബ്ലോക്ക്/ ഡി.പി.സി തലത്തിൽ തീരുമാനിക്കാവുന്നതാണ്.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.91 **<u>കോടഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.07.2017-ലെ</u>** <u>A4-1067/17-ാം</u> **<u>നമ്പർ കത്ത്</u>**

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിലെ വെറ്റിംഗ് ആവശ്യമുള്ള 37 പ്രോജക്ടുകൾ വെറ്റിംഗ് ആവശ്യമില്ലാതെ നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർവഹണം നടത്താവുന്നതാണ് എന്ന് 'സുലേഖ'യിൽ ചേർത്തു. അബദ്ധവശാൽ വന്ന ഈ പിശക് തിരുത്തി പ്രോജക്ട് വെറ്റിംഗ് നടത്തുന്നതിനുള്ള സൗകര്യം സുലേഖ സോഫ്ട് വെയറിൽ വരുത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

**<u>തീരുമാനം</u>** – ഇതിനുള്ള സൗകര്യം ഐ.കെ.എം. ഡയറക്ടർ അടിയന്തിരമായി ചെയ്യേണ്ടതാണ്.

(നടപടി:- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

3.92 **<u>തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.08.2017-ലെ</u>** <u>DB3/743/17/CE/</u>**<u>തസ്വഭവ നമ്പർ കത്ത്</u>**

റോഡ് ടാറിംഗിന് ഉപയോഗിക്കുന്ന **SS1 Emulsion** ന്റെ റേറ്റ് പി.ഡബ്ല്യൂ.ഡി. നിശ്ചയിച്ചിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ടാറിംഗ് പ്രവൃത്തികൾക്ക് **SS1 Emulsion** ആണ് ഉപയോഗിക്കുന്നത്. അതിനാൽ **SS1**-ന്റെ മാർക്കറ്റ് വില (15.08.2017-ലെ വില)യുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>** – പൊതു മരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ അഭിപ്രായം കൂടി ആരാഞ്ഞ് പിന്നീട് തീരുമാനമെടുക്കുന്നതാണ്.

(നടപടി:- 1)തദ്ദേശസ്വയംഭരണവകുപ്പ്
2)തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

3.93 **<u>നാഷണൽ</u> ഹെൽത്ത് മിഷൻ ഡയറക്ടറുടെ 04.08.2017–ലെ** NHM/3297/CSD/2017/SPMU **നമ്പർ കത്ത്**

ആശാ പ്രവർത്തകർക്ക് **(Acredited Social Health Activist)** സർക്കാർ നൽകുന്ന പ്രതിമാസ ഓണറേറിയവും (2000/– രൂപ) ചെയ്യുന്ന ജോലിക്കനുസരിച്ച് വിവിധ പദ്ധതികളിൽ നിന്നുള്ള ഇൻസെന്റീവുകളും ആണ് വരുമാനം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ആശ പ്രവർത്തകർക്ക് ജനപ്രതിനിധി എന്ന നിലയിലുള്ള ഓണറേറിയത്തോടൊപ്പം ആശ ഓണറേറിയവും നൽകുന്നതിന് തടസ്സമുണ്ടോ എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>** – ആശാ പ്രവർത്തകർക്കുള്ള ഓണറേറിയം ചെറിയതുക ആയതിനാൽ രണ്ട് ഓണറേറിയവും നൽകാവുന്നതാണ്.

(നടപടി:–1) തദ്ദേശസ്വയംഭരണവകുപ്പ്

2) സ്റ്റേറ്റ് മിഷൻ ഡയറക്ടർ)

(യോഗം വൈകിട്ട് 6.00 മണിക്ക് അവസാനിച്ചു.